eg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 102 | 1965 ഏപ്രിൽ 16 വെള്ളി തൃശൂർ | വില 7 പൈസ | പേജ് 4

വൈദ്യുതകമ്പിവീണ് സ്ത്രീ കൊല്ലപ്പെട്ടു

(പി. ടി. ഐ.) തിരു. ഏ. 15

ഇന്നലെ രാത്രി ഇവിടെ ഉണ്ടായ ഇടിയും മഴയുംമൂലം ഒരു വൈദ്യുത കമ്പി മുറിഞ്ഞ് ദേഹത്തു വീണതിന്റെ ഫലമായി ജോനക-പുന്തുറയിൽ 50 വയസ്സായ ഒരു സ്ത്രീ കൊല്ലപ്പെട്ടു.

വഴിയിൽകൂടി നടന്നുകൊണ്ടിരുന്ന അവസരത്തിലാണ് വൈദ്യുതകമ്പി സ്ത്രീയുടെ ദേഹത്തു പൊട്ടിവീണതു്.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വരാന്തുടനിച്ച്

	പോസ്റ്റേജ്	പോസ്റ്റേജ്
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജന്റുമാർക്കു് ഒരു മാസത്തേയ്ക്ക് വാരാന്ത്യപ്പതിപ്പു് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

കച്ച്-സിന്ധ് അതിർത്തിയിൽ

വെടിനിർത്താമെന്ന് പാക്കിസ്ഥാന്റെ നിർദ്ദേശം

ഇന്ത്യ അതു് സ്വീകരിച്ചുവെന്ന് സ്വരൺസിങ്ങ്

(പി. ടി. ഐ) ന്യൂഡൽഹി ഏപ്രിൽ 11

കച്ച്-സിന്ധ് അതിർത്തിയിൽ ഒരു വെടിനിർത്തൽ വേണമെന്ന പാക്ക് നിർദ്ദേശം ഇന്ത്യ സ്വീകരിച്ചുവെന്ന് വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് ഇന്ന് ലോകസഭയിൽ പ്രസ്താവിച്ചു.



വെടിനിർത്തലിനെ തുടർന്ന് 'സ്റ്റാറസ് കോ' പുനഃസ്ഥാപിക്കുന്നതിനെപ്പറ്റി ഒദ്യോഗിക ചർച്ചകൾ നടത്തുവാനും, അതിനനന്തരം അതിർത്തി പ്രശ്നം ഉന്നതതല ചർച്ചകൾക്ക് വിധേയമാക്കുവാനും പാക്കിസ്ഥാൻ സമ്മതിച്ചിരിക്കുന്നു.

വെടിനിർത്തൽ എത്രയും വേഗത്തിൽ ഉണ്ടാകണമെന്ന് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ടെന്നും സ്വരൺസിങ്ങ് പറഞ്ഞു.

കാശ്മീർ സംബന്ധിക്കുന്ന നമ്മുടെ നിലപാടിനു് മാറ്റമില്ലെന്നും അദ്ദേഹം മിസിസ്സ് രേണുചക്രവർത്തിയുടെ ശ്രദ്ധിതിരിക്കൽ പ്രമേയത്തിനു മറുപടിയായി പ്രസ്താവിച്ചു.

പാക്കിസ്ഥാന്റെ ഈ നിർദ്ദേശം കറാച്ചിയിലെ ഇന്ത്യൻ ഹൈക്കമ്മീഷനു് ഇന്നലെയാണു് നല്കിയതു്. ഇതിനെ സംബന്ധിച്ചു് പാക്കിസ്ഥാനിൽനിന്നു് കൂടുതൽ വിവരങ്ങൾ കിട്ടുന്നതുവരെ കൂടുതലായി എന്തെങ്കിലും പറയുവാൻ തനിക്കു് കഴിയുകയില്ലെന്ന കാര്യം സഭമനസ്സിലാക്കുമെന്നു് താൻ കരുതുന്നുവെന്നു് സ്വരൺസിങ്ങ് പറഞ്ഞു.

സേനാഭ്യാസങ്ങളെ എതിർക്കാൻ പാക്കിസ്ഥാനു് അവകാശമില്ല

(പി ടി ഐ) ന്യൂഡൽഹി, ഏ 15

ഗുജറാത്തിലെ റാൺ-കച്ച് പ്രദേശത്തു് ഇന്ത്യൻസേനകൾ നടത്തുന്ന അഭ്യാസങ്ങളെ എതിർക്കുന്നതിനു് പാക്കിസ്ഥാനു് യാതൊരു അവകാശവുമില്ലെന്നു് ഇന്ത്യ പാക്കു് ഗവണ്മെന്റിനെ അറിയിച്ചിരിക്കുന്നു. ഈ അഭ്യാസങ്ങളെ എതിർത്തുകൊണ്ടുള്ള പാക്കിസ്ഥാന്റെ ഒരു പ്രതിഷേധകുറിപ്പിനുള്ള ഇന്ത്യൻ മറുപടിയിലാണു് ഇതു് വ്യക്തമാക്കിയിട്ടുള്ളതു്.

....

ഉപഭോക്തൃ സഹകരണ സ്റ്റോറുകളുടെ വില്പന ഇരട്ടിക്കും

ന്യൂഡൽഹി, ഏ, 15

ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ വികസനത്തിനും ഏകീകരണത്തിനുമുള്ള പരിപാടി മുറയ്ക്കു തുടരുന്നതാണു്. സഹകരണം സ്റ്റോറുകൾ 1965ൽ മൊത്തം 300 കോടിക.യുടെ വസ്തുക്കൾ കൈകാര്യം ചെയ്യുമെന്നാണു് പ്രതീക്ഷ. കഴിഞ്ഞവർഷം ഇതു 128·9 കോടിക. സ്ഥായിയുന്നു.

1965ൽ നഗരങ്ങളിലെ ഉപഭോക്താക്കളുടെ ആവശ്യങ്ങളിൽ 14·3 ശതമാനം സഹകരണ സ്റ്റോറുകൾ നിറവേറ്റുമെന്നു് പ്രതീക്ഷിക്കുന്നു. കഴിഞ്ഞവർഷം ഇതു 9.5 ശതമാനമായിരുന്നു.

1964ൽ കേന്ദ്രാഭിമുഖ്യത്തിലുള്ള മൊത്തവില്പന സ്റ്റോറുകൾ 61 കോടിക.യുടെ വ്യാപാരം നടത്തി. ഇക്കൊല്ലം ഇതു് 150 കോടിക.സ്ഥായിരിക്കുമെന്നാണു് പ്രതീക്ഷ. കേന്ദ്രാഭിമുഖ്യത്തിലുള്ള പ്രാഥമിക ഉപഭോക്തൃ സ്റ്റോറുകളുടെ വ്യാപാരം 37 കോടിക.യിൽനിന്നു് 60 കോടിക.യായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. റെയിൽവേ, കമ്പി-തപാൽ വകുപ്പുകളും വ്യവസായ സ്ഥാപനങ്ങളും മാരംഭിച്ചിട്ടുള്ള ഉൾപ്പെടെ മഹാരാഷ്ട്ര ഉപഭോക്തൃ സ്റ്റോറുകളും കൂടി 1965ൽ 60 കോടിക.യുടെ വ്യാപാരം നടത്തുമെന്നാണു് പ്രതീക്ഷ. മൻകൊല്ലത്തിലെ 31 കോടിക.സ്ഥായിരുന്നു.

ഗ്രാമങ്ങളിലുള്ള 47000 സഹകരണ സംഘങ്ങളും 67.2 കോടിക. വിലവരുന്ന സാധനങ്ങളാണു് 1963-64ൽ വിറ്റതു്. 1964-ൽ വ്യാപാരം 100 കോടിക.സ്ഥായും 1965-66ൽ 150കോടിക.സ്ഥായും വർദ്ധിക്കുമെന്ന പ്രതീക്ഷിക്കുന്നു.

ഉപഭോക്തൃ സഹകരണസംഘങ്ങളിലെ നിവ്വഹണ ഉദ്യോഗസ്ഥന്മാരെയും മറ്റു ജീവനക്കാരെയും മാനേജ്മെന്റ്, വില്പന, പാക്കേജിങ്ങ്, പൊതുജനസമ്പർക്കം, കണക്കെഴുത്ത് തുടങ്ങിയ വിഷയങ്ങളിൽ പരിശീലിപ്പിക്കാൻ ഒരു കേന്ദ്ര മാനേജ്മെന്റ് ഇൻസ്റ്റിട്ട്യൂട്ട് ബോംബെയിലാരംഭിച്ചിട്ടുണ്ട്. എട്ടാഴ്ച വീതം നീണ്ടുനില്ക്കുന്ന മൂന്നു കോഴ്സുകൾ ഇതിനകം പൂർത്തിയാക്കി 83 നിവ്വഹണോദ്യോഗസ്ഥന്മാർ ഈ കോഴ്സുകളിൽ പങ്കെടുത്തു. മൂന്നു സ്ഡിഡീഷ് വിദഗ്ധന്മാർ പരിശീലനം നൽകാൻ വന്നിട്ടുണ്ട്.

പാർട്ടിസിങ്ങ് നടത്താനും പ്രവർത്തനസംയോജനത്തിനുമായി മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഗുജറാത്തു്, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ സംസ്ഥാന ഫെഡറേഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു് ആറു സംസ്ഥാനങ്ങളിൽകൂടി താമസിയാതെ ഫെഡറേഷനുകൾ നിലവിൽവരും. കുറഞ്ഞ അഖിലേന്ത്യാഫെഡറേഷനും ഉണ്ടാക്കുന്നതാണു്.

....

ഹാഡിക്കറ് കിട്ടാത്തതിനു് ബി. എ. വിദ്യാർത്ഥിയുടെ റിട്ടു്

[സ്വ. ലേ.] എറണാകുളം ഏ. 15

തേവരയിലെ സെന്റ് ഇഗ്നേഷ്യസ് കോളേജിലെ ഒരു ഫൈനൽ ഇയർ ബി, എ. വിദ്യാർത്ഥിയായ സി. ഗംഗാധരൻ സമർപ്പിച്ച ഒരു റിട്ട് കോളേജ് ഹൈക്കോടതി ജസ്റ്റിസ് എം. മാധവൻനായർ മുമ്പാകെ ഇന്നു് ഉച്ചയ്ക്കു് പരിഗണിച്ചിരിക്കുന്നു. കോളേജ് പ്രിൻസിപ്പാളിനും യൂണിവേഴ്സിറ്റി രജിസ്ട്രാക്കും നോട്ടീസയയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ടു്.

ഹാജർ കുറവാണെന്ന കാരണത്തിന്മേൽ തന്റെ ഹാഡിക്കറ് തടഞ്ഞുവച്ചതിനെതിരായാണു് ഹർജി സമർപ്പിച്ചിരിക്കുന്നതു്. കോളേജ് പ്രിൻസിപ്പാളിനും യൂണിവേഴ്സിറ്റി രജിസ്ട്രാക്കും നോട്ടീസയയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ടു്.

ഹാജർ കുറവാണെന്ന കാരണത്തിന്മേൽ തന്റെ ഹാഡിക്കറ് തടഞ്ഞുവച്ചതിനെതിരായാണു് ഹർജി സമർപ്പിച്ചിരിക്കുന്നതു്. സുപ്രീംകോടതിയുടെ തീരുമാനം അനുസരിക്കുന്നതിനു് ഹർജിക്കാരനു് കഴിയുകയില്ലെന്നു് ഹർജിയിൽ പറയുന്നു.

എസ്. എം. സിറ്റിയ എന്ന മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയാണു് ബിൽ അവതരിപ്പിച്ചിട്ടുള്ളതു്.

....

വലത്തോട്ടുള്ള ചാഞ്ചല്യമായിരുന്നു

ഗവണ്മെണ്ടിന്റെ മൌലികനയങ്ങളിൽ ആടിക്കളിയുണ്ടെന്നു് കമ്യൂ. പാർട്ടി

(പി. ടി. ഐ.) ന്യൂഡൽഹി, ഏ. 15

ഇന്ത്യാഗവണ്മെണ്ടു് അനുവർത്തിക്കുന്ന ചില പ്രധിലോമനയങ്ങളുടെ പ്രവർത്തനം കഴിഞ്ഞ നാലുമാസമായി കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ടെന്നു് കമ്മ്യൂണിസ്റ്റ് പാർട്ടി (വലതു)) അഭിപ്രായപ്പെട്ടിരിക്കുന്നു.

പാർട്ടിയുടെ ബോംബെ കോൺഗ്രസ്സിനു ശേഷമുള്ള രാഷ്ട്രീയസാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പ്രമേയത്തിൽ ഗവണ്മെണ്ടു് അതിന്റെ മൌലികനയങ്ങളെ ഉപേക്ഷിക്കുകയോ അവയിൽനിന്നു് പിന്തിരിയുകയോ ചെയ്തിട്ടില്ലെങ്കിൽകൂടിയും ഈ നയങ്ങളുടെ വിശാലമായ ചട്ടക്കൂട്ടിനുള്ളിൽ നിർഭാഗ്യകരമായ ചില പാളിച്ചകളും ദുശ്യമാകുന്നുണ്ടെന്നു് ചൂണ്ടിക്കാണിച്ചിരിക്കുന്നു.

സാമ്രാജ്യത്വ-വലതുപക്ഷ പ്രതിലോമശക്തികളുടെ സമ്മർദ്ദത്തിന്റെ ഫലമായി വിദേശനയത്തിൽ ഒരു ആടിക്കളിയാണു് നടക്കുന്നതു്. ഗവണ്മെണ്ടിനുള്ളിലും പുറത്തും ഇതാണു് നില.

ആഭ്യന്തരരംഗത്തു് വിദേശമൂലധനത്തിനും, ഇന്ത്യൻ കുത്തക മുതലാളിത്തത്തിനും വഴങ്ങിക്കൊടുക്കുകയെന്ന ഗതികേടു് വർദ്ധിച്ചിരിക്കുകയാണു്. ഈ ജനാധിപത്യവിരുദ്ധ നിലപാടുകൾക്ക് മകുടം ചാർത്തിയിരിക്കുകയാണു് പൌരസ്വാതന്ത്ര്യങ്ങളുടെയും, ജനാധിപത്യ അവകാശങ്ങളുടേയും നേരെ നടക്കുന്ന ആക്രമണങ്ങളും. ബഹുജനപ്രസ്ഥാനത്തെ ഭയപ്പെടുത്തുന്നതിനും, തളർത്തുന്നതിനുമാണു് ഈ അടവുകളും പ്രയോഗിക്കുന്നതു്. എന്നത്തേക്കാളുമധികം വലത്തോട്ടുള്ള ചൊവ്വാപ്പിലിന്റെ അപകടം യഥാർത്ഥവും, ഭീഷണിപ്പെടുത്തുന്നതും ആയി തീർന്നിരിക്കുന്നു.

അതുകൊണ്ടു് യോജിച്ച ദേശവ്യാപകമായ ഇടപെടൽ ഇന്നത്തെ പ്രധാനമായ ആവശ്യമായി മാറിയിട്ടുണ്ടു്.

....

കമ്യൂ. കൂട്ടുകെട്ടിൽ സുക്കാർണ്ണോ കൂടുതൽ അമരുന്നു

(ഏ എഫ് പി) ജക്കാർത്ത, ഏ 15

'1945 ന്റെ തലമുറ' എന്നറിയപ്പെടുന്ന ശക്തിമത്തായ ഇന്തോനേഷ്യൻ സംഘടനയുടെ നിവ്വാഹകസമിതിയിലേക്കു് 27 പ്രമുഖ രാഷ്ട്രീയ നേതാക്കളെ പ്രസിഡണ്ടു് സുക്കാർണ്ണോ നിയമിച്ചിരിക്കുന്നു.

ഈ സംഘടനയിൽ പ്രതിവിപ്ലവകാരികളും, അട്ടിമറിക്കാരും സ്വാധീനം ചെലുത്തുന്നുണ്ടെന്നു് പ്രസിഡണ്ടു് സുക്കാർണ്ണോ കുറ്റപ്പെടുത്തിയിട്ടുണ്ടു്. നിവ്വാഹകസമിതിയുടെ ചെയർമാനായിരുന്ന മൂന്നാം ഡെപ്യൂട്ടി പ്രധാനമന്ത്രി ചാരുംസാലെയെ തൽസ്ഥാനത്തുനിന്നു് സുക്കാർണ്ണോ നീക്കി. സാലെ ഗവണ്മെണ്ടിനെ തകിടംമറിക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു് കമ്യൂണിസ്റ്റുകാർ ആരോപണം ഉന്നയിച്ചിട്ടുണ്ടു്.

സംഘടനയുടെ നിവ്വാഹകസമിതിയിൽ ഇതുവരെ 2 കമ്യൂണിസ്റ്റുകളാണു് ഉണ്ടായിരുന്നതു്. സുക്കാർണ്ണോ ഇപ്പോൾ മൂന്നുപേരെകൂടി എടുത്തിട്ടുണ്ടു്.


....

വൃഴലിക്കാരു് ചതച്ച സംസ്ഥാനങ്ങൾക്കു് സാമ്പത്തിക സഹായം

(ഏ.എഫ്.പി) വാഷിംഗ്ടൺ, ഏ. 15

മുഴലിക്കാറാടിച്ചു് തകർന്ന മൂന്നു് മദ്ധ്യപടിഞ്ഞാറൻ സംസ്ഥാനങ്ങളെ വൻ വിപത്തിനു് വിധേയമായ മേഖലകളായി പ്രസിഡണ്ടു് ജോൺസൺ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സംസ്ഥാനങ്ങൾക്ക് ഫെഡറൽ ഗവണ്മെണ്ടിന്റെ സാമ്പത്തിക സഹായം സിദ്ധിക്കുന്നതാണു്. ഈ സഹായത്തിനു് അർഹങ്ങളായ സംസ്ഥാനങ്ങളും ഇന്ത്യാന, ഒഹിയൊ, മിച്ചിഗൺ എന്നിവയാണെന്നു് ഒരു വൈറ്റ് ഹൌസ് വക്താവു് പറഞ്ഞു.

ഈ മേഖലകളിൽ സൻഭവിച്ചതിനു് ശേഷമാണു് ജോൺസൺ ഈ തീരുമാനത്തിലെത്തിയതു്. മുഴലിക്കാറിന്റെ കെടുതികൾ അനുഭവിക്കേണ്ടിവന്ന മറ്റു് സംസ്ഥാനങ്ങളിലെ ഗവണ്മെണ്ടുകൾ സാമ്പത്തിക സഹായത്തിനു് അഭ്യർത്ഥിക്കുകയാണെങ്കിൽ അവക്കും ഫെഡറൽ ഗവണ്മെണ്ടിന്റെ സഹായം കിട്ടുന്നതാണു്.



തൃശൂർ-ജോസിൽ

16-4-65 വെള്ളിയാഴ്ച മുതൽ
22-4-65വരെ 7 ദിവസംമാത്രം

പോൾ മാർപ്പാപ്പായുടെ ഇന്ത്യാ സന്ദർശനവും, ബോംബേയിൽവെച്ചു് നടന്ന അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സും വാണ്ടർ കളറിൽ പ്രദർശിപ്പിക്കുന്നതാണു്.

2-ാം വാരം ഇണപ്രാവുകൾ

(മലയാളം)

വെള്ളി, ശനി, ഞായർ മാറ്റിനി.

To-Day Morning show
THE FLUTE AND THE ARROW
Addedattraction: POPE'S VISIT IN INDIA (Colour)

18-4-65 Sunday Morning *I CONFESS*
Addedattraction: POPE'S VISIT IN INDIA (Colour)

രാഷ്ട്രം ചിന്നഭിന്നമായിക്കൊണ്ടിരിക്കുന്നുവെന്നു് മൊറാർജി - സർവ്വത്ര അഴിമതി

(പി. ടി. ഐ) ഹർഷ. ർ, ഏ. 14

രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ധീരമായി നേരിടണമെന്നും മുൻ ധനകാര്യമന്ത്രി മൊറാർജി ദേശായി ഇന്നലെ ഇവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

രാജ്യത്തു് വ്യാപകമായ അസന്തുഷ്ടിയുണ്ടെന്നും അഴിമതി വർദ്ധിച്ചുവരികയാണെന്ന ചിന്താഗതി ജനങ്ങളുടെയിടയിൽ പൊന്തിവന്നിട്ടുണ്ടെന്നും മൊറാർജി പറഞ്ഞു. രാഷ്ട്രം ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്നു. യോജിപ്പിന്റെ ചിന്താഗതിയിൽനിന്നും രാഷ്ട്രം വ്യതിചലിച്ചിരിക്കുന്നു. ഈ സാഹചര്യങ്ങളിൽ നാം വീണ്ടുവിചാരവും പ്രവർത്തിക്കണം. നമ്മുടെ വിചാരവും പ്രവൃത്തിയും തമ്മിലുള്ള വിടവു് നികത്താൻ നാം ശ്രമിക്കണം.

ഇതുൽ കോഗ്രി സുവർണ്ണജൂബിലിയുടെ 65-ാം കോൺവെക്ഷൻ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾ തങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസം രാഷ്ട്രസേവനാർത്ഥം പ്രയോജനപ്പെടുത്തണമെന്നു് അദ്ദേഹം ആഹ്വാനംചെയ്തു. പുരാതനമായ നമ്മുടെ ആദർശങ്ങൾക്കനുസൃതം ജീവിച്ചാൽ രാജ്യം ശരിയായ പുരോഗമിക്കും. ഏതുസാഹചര്യത്തിലും ധർമ്മം വെടിയരുതു്.

ഹിന്ദി ഭാഷയെ കൂടുതൽ സമ്പന്നമാക്കാനും ഇംഗ്ലീഷിന്റെ സ്ഥാനമെടുത്തു് അതിനെ പ്രതിഷ്ഠിക്കാനും നടപടികളെടുക്കണമെന്നു് ചടങ്ങിൽ പ്രസംഗിച്ച വിജയലക്ഷ്മി പണ്ഡിറ്റ് പറഞ്ഞു.

രാജ്യത്തു് ഏറ്റവുമധികം അറിയപ്പെടുന്ന ഭാഷ ഹിന്ദിയാണു്. ഗാന്ധിജി ഹിന്ദിയുടെ പ്രചരണം സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഭാഗമാക്കിത്തീർത്തു.

ഇംഗ്ലീഷിനെ പകരം ഹിന്ദി ഏർപ്പെടുത്താൻ ഒരു സമയപരിധി— പതിനഞ്ചു് വർഷം നിശ്ചയിച്ചിട്ടുണ്ടെന്നും അവർ നിർദ്ദേശിക്കയുണ്ടായി.

ഈജിപ്തിന്റെ കാശ്മീർ നിലപാടിൽ മാറ്റമില്ല

യു. എ ആർ. വൈസ് പ്രസിഡണ്ടിന്റെ പ്രസ്താവന

ഷെയിക്കിനെ സ്വീകരിച്ചതു് ഇന്ത്യൻ പൌരനായതുകൊണ്ടുമാത്രം

(പി ടി ഐ) ബോംബെ, ഏപ്രിൽ 15

കാശ്മീർ പ്രശ്നത്തോടുള്ള ഈജിപ്തിന്റെ നിലപാടിൽ യാതൊരു മാറ്റവുമില്ലെന്നു് യു. എ ആർ. സീനിയർ വൈസ് പ്രസിഡണ്ടു് സക്കറിയ-മോഹിഎൽദിൻ ഇന്നിവിടെ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

ബാന്ദ്രയിൽ സമ്മേളനത്തിന്റെ പരത്തുവാഷിക്കത്തിൽ പങ്കുകൊള്ളുന്നതിനു് ജക്കാർത്തയിലേക്കു് പോകുന്ന അദ്ദേഹം ന്യൂഡൽഹിയിൽവെച്ചു് വൈസ് പ്രസിഡണ്ടു് സക്കീർഹുസ്സൈനേയും, പ്രധാനമന്ത്രി ശാസ്ത്രിയേയും കണ്ടതാണു്.

ഇന്ത്യ സർശിക്കുവാൻ ഒരവസരംകിട്ടിയതിൽ തനിക്കു് സന്തോഷമുണ്ടെന്നു മോഹിഎൽദിൻ പ്രസ്താവിച്ചു. ഇന്തോചൈനിസ് പ്രശ്നത്തെ സംബന്ധിച്ചു് പ്രധാനമന്ത്രി ശാസ്ത്രിയും, വൈസ് പ്രസിഡണ്ടു് സക്കീർഹുസ്സൈനുമായി സംഭാഷണം നടത്തുവാനുള്ള ഒരവസരം കിട്ടിയതിലും അദ്ദേഹത്തിനു് സന്തോഷമുണ്ടു്.

ഷെയിക്ക് അബ്ദുള്ളക്കു് കൈയിറ്റോയിൽകിട്ടിയ സ്വീകരണം ഒരു സൂചന മാത്രമായ ഇന്ത്യയിലെ പൌരനെന്ന നിലക്കാണെന്നു് അദ്ദേഹം പറഞ്ഞു. യു. എ. ആർ. ഗവണ്മെണ്ടിന്റെ പ്രതിനിധികളോടു്, പ്രസിഡണ്ടു് നാസ്സറിനോടും ഷെയിക്കു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറഞ്ഞു.

ഷെയിക്കിന്റെ പ്രചരണത്തെ സംബന്ധിച്ചാണെങ്കിൽ ഈജിപ്ഷ്യൻ പത്രങ്ങൾ സ്വതന്ത്രങ്ങളാണെന്നു് മോഹിഎൽദിൻ പറഞ്ഞു. പക്ഷെ ഇതുകൊണ്ടൊന്നും ഈജിപ്തിന്റെ കാശ്മീർനിലപാടിൽ മാറ്റമുണ്ടായിട്ടുണ്ടെന്നു് കരുതേണ്ട.

ഇന്ത്യൻപത്രക്കാരുടെ കാര്യം

ചൌഎൻലായിയുടെ കൈയിറ്റോ സന്ദർശനസമയത്തിൽവിമാനത്താവളത്തിൽ നിന്നു് ഇന്ത്യൻ പത്രപ്രതിനിധികളെ ഒഴിവാക്കിയതിനെപ്പറ്റി ചോദിച്ചപ്പോൾ, അതു് സംഭവിച്ചതു് പൈനിസ് പ്രതിനിധിസംഘത്തിന്റെ ആവശ്യപ്രകാരമാണെന്നാണു് അദ്ദേഹം വിശദീകരിച്ചതു്.

(പി. ടി. ഐ) ഹർഷ. ർ, ഏ. 14

രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ധീരമായി നേരിടണമെന്നും മുൻ ധനകാര്യമന്ത്രി മൊറാർജി ദേശായി ഇന്നലെ ഇവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

രാജ്യത്തു് വ്യാപകമായ അസന്തുഷ്ടിയുണ്ടെന്നും അഴിമതി വർദ്ധിച്ചുവരികയാണെന്ന ചിന്താഗതി ജനങ്ങളുടെയിടയിൽ പൊന്തിവന്നിട്ടുണ്ടെന്നും മൊറാർജി പറഞ്ഞു. രാഷ്ട്രം ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്നു. യോജിപ്പിന്റെ ചിന്താഗതിയിൽനിന്നും രാഷ്ട്രം വ്യതിചലിച്ചിരിക്കുന്നു. ഈ സാഹചര്യങ്ങളിൽ നാം വീണ്ടുവിചാരവും പ്രവർത്തിക്കണം. നമ്മുടെ വിചാരവും പ്രവൃത്തിയും തമ്മിലുള്ള വിടവു് നികത്താൻ നാം ശ്രമിക്കണം.

ഇതുൽ കോഗ്രി സുവർണ്ണജൂബിലിയുടെ 65-ാം കോൺവെക്ഷൻ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾ തങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസം രാഷ്ട്രസേവനാർത്ഥം പ്രയോജനപ്പെടുത്തണമെന്നു് അദ്ദേഹം ആഹ്വാനംചെയ്തു. പുരാതനമായ നമ്മുടെ ആദർശങ്ങൾക്കനുസൃതം ജീവിച്ചാൽ രാജ്യം ശരിയായ പുരോഗമിക്കും. ഏതുസാഹചര്യത്തിലും ധർമ്മം വെടിയരുതു്.

ഹിന്ദി ഭാഷയെ കൂടുതൽ സമ്പന്നമാക്കാനും ഇംഗ്ലീഷിന്റെ സ്ഥാനമെടുത്തു് അതിനെ പ്രതിഷ്ഠിക്കാനും നടപടികളെടുക്കണമെന്നു് ചടങ്ങിൽ പ്രസംഗിച്ച വിജയലക്ഷ്മി പണ്ഡിറ്റ് പറഞ്ഞു.

രാജ്യത്തു് ഏറ്റവുമധികം അറിയപ്പെടുന്ന ഭാഷ ഹിന്ദിയാണു്. ഗാന്ധിജി ഹിന്ദിയുടെ പ്രചരണം സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഭാഗമാക്കിത്തീർത്തു.

ഇംഗ്ലീഷിനെ പകരം ഹിന്ദി ഏർപ്പെടുത്താൻ ഒരു സമയപരിധി— പതിനഞ്ചു് വർഷം നിശ്ചയിച്ചിട്ടുണ്ടെന്നും അവർ നിർദ്ദേശിക്കയുണ്ടായി.

അറിയിപ്പ്

ദുഃഖവെള്ളിയാഴ്ച പ്രമാണിച്ചു് ഇന്നു് ഓഫീസു് മുടക്കമാകയാൽ നാളെ (17-4-65 ശനി) തൊഴിലാളി പ്രസിദ്ധീകരിക്കുന്നതല്ല.

മാനേജർ, 'തൊഴിലാളി'

ലോഹിയ ഭീഷണി നിർത്തണമെന്നു് ഹുക്കംസിങ്ങ്

[പി ടി ഐ] ന്യൂഡൽഹി, ഏ. 15

ലോകസഭാ സെക്രട്ടറിയേറിയറ്റിനുള്ള ധനാഭ്യർത്ഥനകൂടെ സഭയിൽ അവതരിപ്പിക്കുന്നില്ലെങ്കിൽ അതിനെ സംബന്ധിച്ചു് കോടതിനടപടികൂടെ എടുക്കുമെന്നുള്ള ഭീഷണി അവസാനിപ്പിക്കുവാൻ സ്പീക്കർ ഹുക്കംസിങ്ങു് ഇന്നു ലോഹിയയോടു് പറഞ്ഞു. ധനാഭ്യർത്ഥനകൂടെ സഭയിൽ കൊണ്ടുവരുന്നതിനു് കോടതിയിൽ പ്രശ്നം ഉന്നയിക്കുമെന്നു് ലോഹിയ നേരത്തെ ഭീഷണിപ്പെടുത്തിയിരുന്നു.

കഴിഞ്ഞ 30 കൊല്ലത്തിലേറെയായി സിക്രട്ടറിയേറിന്റെ ചിലവുകൂടെ പാസ്സുമായി ചർച്ചചെയ്യപ്പെട്ടിട്ടില്ല. മേലിലും അതാണു് നല്ലവഴക്കമെന്നു് സ്പീക്കർ പറഞ്ഞു.

ഇന്ത്യക്കു് ലോകഭക്ഷ്യ സമിതി വക 20000 ടൺ ചോളം

(ഏ. എഫ്. പി.) റോം, ഏ.15

ലോകഭക്ഷ്യോപരിപാടിയുടെ അഖിലഗവണ്മെണ്ടു് സമിതി ഇന്ത്യക്കുള്ള ഭക്ഷ്യസഹായത്തിനു് 1,588,000 ഡോളർ അംഗീകരിച്ചിരിക്കുന്നു.

എട്ടു് ഇന്ത്യൻ സംസ്ഥാനങ്ങളിലെ കോടിവൃത്തൽ വികസനപദ്ധതിക്കു് വേണ്ടി 20,000 ടൺ ചോളം നൽകുന്നതിനാണു് ഈ തുക വിനിയോഗിക്കുകയെന്നറിയുന്നു.

.....

"കൃത്രിമ മൃത്യാശയം"

ബാബ്ഗഢ് (ടോട്) ഏ. 15

കൃത്രിമ മൃത്യാശയം മനുഷ്യന്റെ ഉള്ളിൽസ്ഥാപിച്ച മൃത്യാശയസംബന്ധമായ രോഗങ്ങളെ ചികിത്സിച്ചു സുഖപ്പെടുത്താമെന്നു് പാശ്ചിമജർമ്മനിയിലെ ഡോക്ടർമാർ കണ്ടുപിടിച്ചിരിക്കുന്നു. മൃത്യാശയത്തിൽ അതിന്റെ പ്രധാന പ്രവർത്തനമായ രക്തശുദ്ധീകരണം സാധിക്കാതെ വരുമ്പോൾ ഈ പ്രധാനപ്പെട്ട ഇന്ദ്രിയത്തിനുപകരം കൃത്രിമ മൃത്യാശയം രോഗിയിൽ സ്ഥാപിക്കപ്പെടുന്നു. ഈ കൃത്രിമ മൃത്യാശയം രോഗിയിൽ 6 മുതൽ 8 മണിക്കൂർ വരെ മാത്രമേ സ്ഥാപിക്കപ്പെടുന്നുള്ളൂ. ഈ സമയത്തു രക്തത്തിലെ വിഷാംശങ്ങളെ നീക്കപ്പെടുന്നു. അതേ സമയം രോഗിയുടെ മൃത്യാശയത്തിനു് വിശ്രമിക്കയും ചെയ്യാം.

(യു. പി എസ്.)

പിന്നോക്കക്കാരെപ്പറ്റി അന്വേഷിക്കാൻ കമ്മീഷനെവെയ്ക്കണം

ലോകസഭയിൽ ബ്ലിൽ

(പി ടി ഐ) ന്യൂഡൽഹി, ഏ 15

പിന്നോക്കജാതിക്കാരുടെ ക്ഷേമത്തെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിക്കണമെന്നാവശ്യപ്പെടുന്ന ഒരു സ്വകാര്യമെമ്പറുടെ ബിൽ ഇന്നു് ലോകസഭയിൽ അവതരിപ്പിച്ചിരിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം 17 വർഷം കഴിഞ്ഞിട്ടും മൂന്നു പഞ്ചവത്സരപദ്ധതികൾ കടന്നുപോയിട്ടും പിന്നോക്കജാതിക്കാരുടെ നിലമെച്ചപ്പെട്ടിട്ടില്ലെന്നുള്ള സ്ഥിതിയിൽവെച്ചു് ഇങ്ങനെയൊരു നിയമനിർമ്മാണം ആവശ്യമാണെന്നു് ബിൽ അവതരിപ്പിച്ചുകൊണ്ടു് പ്രമേയത്തിൽ പറയുന്നു.

മൻമന്ത്രി ഗൌണ്ടർ നിര്യാതനായി

[പി. ടി. ഐ.] കോയമ്പത്തൂർ ഏ. 15

മദ്രാസിലെ ഒരു മുൻമന്ത്രിയായ പളനിസ്

തൊഴിലാളി

പോസ്റ്റ്ഫോസ്റ്റ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 16-ാംതീയതി വെള്ളിയാഴ്ച

വലിയ വാരം

....o....

ഭാരതീയരായ നമുക്ക് വാരാഘോഷങ്ങളുമായി ചിരപരിചയം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. കൈത്തറിവാരം, വനമഹോത്സവാരം, മദ്യവിരോധവാരം എന്നിങ്ങിനെ പോകുന്നു വാരങ്ങളുടെ നീണ്ടനിര. പ്രചാരണം നൽകുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള ആശയങ്ങളും ആദർശങ്ങളും ജനതാമദ്ധ്യേ ഉപര്യുപരി ശുദ്ധമൂലമാകുന്നതിനു വേണ്ടി സമർത്ഥമായ പ്രചാരണ സംവിധാനങ്ങളും പ്രകടനങ്ങളും ഉച്ചഭാഷിണികളുടേയും ലഘുലേഖകളുടേയും ഘോഷയാത്രകളും പ്രസ്തുത വാരാഘോഷം സംബന്ധിച്ച് നാം കാണുകയും കേൾക്കുകയും ചെയ്യാറുണ്ട്. കൊല്ലത്തിലൊരിക്കൽ ഒരുദിവസമെങ്കിലും ജനമാനസങ്ങളെ നിഷ്ഠ ആശയത്തിൽ പിടിച്ചുനിർത്താനാണ് വാരാഘോഷങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. മേൽവിവരിച്ച രീതിയിലുള്ള വാരാഘോഷങ്ങളും ഭാരതീയരായ നമുക്ക് താരതമ്യേന പുതിയ ഒരു പതിവാണ്.

ലോകത്തിലെമ്പാടുമുള്ള ക്രിസ്ത്യാനികളും ക്രിസ്തുവിശ്വാസികളും മുതൽ ആചരിച്ചുവരുന്ന മഹാണ് വലിയ വാരാചരണം. ഒരുമാസ ഞായറാഴ്ച മുതൽ ആരംഭിച്ച് ഉയിർപ്പ് ഞായറാഴ്ചയോടുകൂടി വലിയ വാരം അവസാനിക്കുന്നു. അതിനിടയിൽ കടന്നുപോകുന്ന പെസഹാ വ്യാഴാഴ്ചയും, ദുഃഖവെള്ളിയാഴ്ചയുമെല്ലാം. ക്രിസ്തുവിന്റെ പ്രബോധനങ്ങളും കേട്ട് അദ്ദേഹത്തിന്റെ ദൈവത്വത്തിൽ ബോധ്യംവന്ന ഓരോ രാജ്യത്തിലെ നിവാസികളും റോമിൽ ഇണിവിരിച്ചും ഒലീവ് ചില്ലകളും തൊട്ട് വീശി ഹൃദയംനിറഞ്ഞുതുളുമ്പുന്ന വികാരത്തോടുകൂടി ഹോസാന പാടിയും ക്രിസ്തുദേവനെ അവരുടെ നഗരത്തിലേക്ക് സാമോദം സ്വീകരിച്ചു. വിനീതരിൽ വിനീതനായി മാത്രം കണക്കാക്കപ്പെടാൻ ആഗ്രഹിച്ച ക്രിസ്തു ഒരു കഴുതപ്പുറത്തിരുന്നുകൊണ്ടാണ് ഈ ജൈത്രയാത്രയിൽ കടന്നുപോയതു്.

അധികകാലത്താമസമുണ്ടായില്ല. നേതാവും സ്വഷ്ടാവുമായി ആരെ അന്ന് ഏതിരേറ്റുവൊ അതേ ക്രിസ്തുവിനെത്തന്നെ യഹൂദപുരോഹിതശ്രേഷ്ഠന്മാരും ധാന്യധനാഢ്യന്മാരുംകൂടി ദുഃഖവെള്ളിയാഴ്ച നാളിൽ കുരിശിൽ തറച്ചു. ഒരുദിവസം ഞായറാഴ്ച ക്രിസ്തുവിനെ സ്വീകരിക്കുകയും ഏതിരേൽക്കുകയും ചെയ്തതു് നിമിഷനേരംകൊണ്ടുതന്നെ അവരുടെ ഹൃദയങ്ങളിൽ തീക്കടൽ ഇരമ്പുകയായിരുന്നു.

പാവങ്ങളുടെ രക്തവും കണ്ണീരുംവീണ് സാമ്രാജ്യങ്ങളുടെ അടിത്തറകൾ ഉറച്ചുകഴിഞ്ഞിരുന്നു. അമർത്തിപ്പിടിച്ച വികാരവുമായി ലക്ഷ്യങ്ങൾ ആ കൊട്ടാരങ്ങളുടെ മുമ്പിൽ കുമ്പിട്ടുനിന്നു. പ്രതികാരംകൊണ്ട് തിളച്ച രക്തം മുഴുവൻ ചക്രവർത്തിമാരുടെ വധയന്ത്രങ്ങളുടെ മുമ്പിൽ ഉറച്ചുപോയി.

തങ്ങളുടെ വിയർപ്പുതുള്ളികളുടെ മകളിൽ കൊട്ടാരങ്ങൾ ഉയരുന്നതു് ആ പാവങ്ങൾ കണ്ടു. വിശന്ന തെരുവീഥികളിൽ വീണ മനുഷ്യജീവികളുടെ മുമ്പിൽനിന്നു വീഞ്ഞുവീതിക്കടിക്കുന്ന രാജാക്കന്മാരേയും പ്രഭുക്കന്മാരേയും അവർ കണ്ടു. അമ്മമാരുടെ കണ്ണീർകൊണ്ട് ദാഹമാറാത്ത പാവപ്പെട്ട പിഞ്ചോമനകളുടെ മുമ്പിലൂടെ പല്ലക്കിലിരുന്നു് പുഞ്ചിരിയോടെ ഉല്ലാസയാത്ര ചെയ്യുന്ന തമ്പുരാന്മാരെ അവർ കണ്ടു. അങ്ങിനെ പലതും.

ആ സുഖലോലുപതിയെല്ലാം കെട്ടിപ്പൊക്കിയതു് ആയിരക്കണക്കിനു് പാവങ്ങളുടെ അസ്ഥിക്കൂടങ്ങളിന്മേലായിരുന്നു.

പാവങ്ങൾ പണിയെടുത്തു പട്ടിണികിടന്നു. തമ്പുരാക്കന്മാർ വിയർക്കാതെ അപ്പം തിന്നു.

ഈ അസമത്വങ്ങളുടെ നേർക്ക് വിരൽചൂണ്ടാൻ ഒരു നേതാവാണ് ആ ഏഴുകഴ കാത്തിരുന്നതു്. ഈ അഭിമതി അവസാനിക്കുന്ന ഒരു പുതിയ പുലരിയാണവർ കൊതിച്ചതു്.

ഇതാഹിച്ച ജനങ്ങളുടെ മദ്ധ്യത്തിൽനിന്ന് ഒരു ശബ്ദമുയരുന്നു കേട്ടു. നീതിക്കുവേണ്ടിയുള്ള സ്വരം! അഭിമതികൾക്കെതിരെയുള്ള ഒരു പോർവിളി! മനുഷ്യനായി പിറന്ന ദൈവപുത്രന്റെ പ്രഖ്യാപനം.

ആ ശബ്ദധോരണികളുടെ മുമ്പിൽ പതിനായിരങ്ങളും തുള്ളിക്കുടി. ഒരു പുതിയ യുഗത്തിന്റെ പിറവിയാണവിടെ ദർശിച്ചതു്. നിന്നി പുലരുന്ന ലോകത്തിന്റെ പുലരിത്തുടുപ്പു്.

സാമ്രാജ്യങ്ങൾ അതിന്റെ മുൻപിൽ വിറകൊണ്ടുനിന്നു ആ നവോത്ഥാനത്തെ അമച്ച് ചെയ്യില്ലെങ്കിൽ തങ്ങളുടെ കോട്ടക്കൊത്തളങ്ങളുടെ അടിനിരപ്പു മെന്നവർ ഭയന്നു. എല്ലാ ദുഷ്ടശക്തികളും ഒന്നിച്ചു,

ആകാശം പിളരുമാറു് അവരുടെ ശബ്ദമുയർന്നു "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക" രാജാക്കന്മാരുടെ പ്രഭുക്കന്മാരുടെ പരിശപ്രമാണിമാരുടെ എല്ലാം കണ്ണുകളിൽ നിന്നും ആ ശബ്ദം തെറിച്ച വീഴുകയാണ്, 'അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക.'

"എന്റെ സാമ്രാജ്യം ഇഹത്തിലല്ല; പരത്തിലാണ്" ആ നല്ലവൻ തുറന്നുപറഞ്ഞു പ്രഖ്യാപിച്ചു. പക്ഷേ കസേരകൾ നഷ്ടപ്പെടുമോ എന്നു ഭയന്ന അധികാരിവർഗ്ഗം അപ്പോഴും ചാട്ടകളും ചമ്മട്ടികളും കുന്തമുട്ടുകയായിരുന്നു.

അവസാനം അതു സംഭവിച്ചു. ചോരയൊഴുക്കാഹിച്ച ആ കശ്മലന്മാർ ഈശ്വരനെ കൊലമരത്തിലേറ്റി!

പച്ചവെള്ളം മുന്തിരിച്ചാറാക്കി പകർന്നുകൊടുത്ത തമ്പുരാനെ, ലാസറിനെ ഉയർപ്പിച്ച തമ്പുരാനെ, അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റിപ്പോറ്റിയ തമ്പുരാനെ — മനുഷ്യകരങ്ങാം കരിശിൽ തറച്ചുകൊന്നു.

അതിന്റെ കാരണമാണിന്നു്. വേദനിക്കുന്ന ആയിരമായിരം സൂരണകളുമായി ആ ദിവസം — ദുഃഖവെള്ളി — കരിപുശി ഇന്നിതാ പിറന്ന വീണ.

ലോകചരിത്രത്തിലെ ഏററവും വലിയ കരിദിനം

(ടി. സി. തോമസ്)

വേദനിക്കുന്ന കാൽവരിയുടെ മാത്രം. ഞെട്ടിവിറയ്ക്കുന്ന സൂരണകാം മാത്രം.

അതെ, നീണ്ട ഒരു കരിതൂ് അതും ചുമന്നു് ചോരയൊപ്പി വേച്ചുവേച്ചു നടക്കുന്ന ക്രിസ്തു. മുൾമുടി.....ചമ്മട്ടിവടികാം.....അട്ടഹാസങ്ങാം.....മർദ്ദനം.....തേങ്ങലുകാം....അങ്ങിനെ നൂറുനൂറു് കാമ്മകാം.

ലോകം ഇതുവരെ കണ്ടതിൽ വെച്ചേറ്റവും വലിയ കാടത്തം ഇന്നു് സംഭവിച്ചു. മനുഷ്യന്റെ കാർമ്മകളിൽ തങ്ങിനിൽക്കുന്നതിൽ വെച്ചേറ്റവും വലിയ മർദ്ദനമുറകാം ഇന്നു നടന്നു. മനുഷ്യൻ ചെയ്തതിൽ വെച്ചേറ്റവും വലിയ പാപം ഇന്നു് നടന്നു മനുഷ്യനു് സങ്കല്പിക്കാൻപോലും പാടില്ലാത്ത വലിയ വഞ്ചന ഇന്നു നടന്നു.

സ്വർഗ്ഗപോലും ഞെട്ടിവിറച്ചു, മാലാഖാമാർപോലും നടുങ്ങിപ്പോയി. മോക്ഷത്തിന്റെ മുറ്റത്തു് ആദ്യമായി ഇന്നു് കണ്ണീർ വീണു. അവിടെ ആദ്യമായി കരച്ചിലുയർന്നു.

ഇന്നു് അവിടേയും ദുഃഖമാണ്, ഇന്നുമാത്രം അവിടെ പുഞ്ചിരി ഉതിരില്ല. ഇന്നു് മാത്രം മാലാഖാമാർ ഇന്നുവിടെ വീണക്കമ്പികാം മീട്ടില്ല.

മണ്ണും വിണ്ണും ഒന്നിച്ച വേദനിക്കുന്ന തിന്നാണ്. ഈശ്വരനും മനുഷ്യനും ഒപ്പം ദുഃഖിക്കുന്നതിന്നാണ്.

പലതും സംഭവിച്ചു. എന്നാലും ഒന്നുമാത്രം ഇപ്പോഴും സംഭവിച്ചിട്ടില്ല. നീതിക്കുവേണ്ടി ക്രൂസ്സു കുരിക്കപ്പെട്ട. പാവങ്ങൾക്കുവേണ്ടി ദൈവപുത്രൻ മനുഷ്യനായി പിറന്ന മട്ടിക്കപ്പെട്ട! നരവർഗ്ഗത്തിന്റെ രക്ഷകരുവേണ്ടി ആ പുണ്യപുരുഷൻ പീഡിപ്പിക്കപ്പെട്ട.

പൈശാചാവുഗ്രവും ദുഃഖവെള്ളിയും ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ നീതിമാത്രം ഇനിയും പുലർന്നിട്ടില്ല. അതിനിനി എത്ര ദുഃഖവെള്ളിയാഴ്ചകാം പിന്നിടണമോ, ആവോ?

മലബാർപ്രദേശത്തു് റബ്ബർകർഷക സെമിനാറുകാം

ഏപ്രിൽ 22 മുതൽ മേയ് 2 വരെ നടത്തുന്നു

കോട്ടയം, ഏ. 15

മലബാർപ്രദേശത്തെ റബ്ബർ കൃഷിക്കാർക്കിടയിൽ ശാസ്ത്രീയ റബ്ബർ കൃഷിരീതികാം പ്രചരിപ്പിക്കുന്നതിനു് ഏപ്രിൽ 22-ാംതീയതിമുതൽ മേയ് 2-ാംതീയതിവരെ നീണ്ടനിൽക്കുന്ന വമ്പിച്ച ഒരു ബഹുജനസമ്പർക്ക പ്രചരണപരിപാടി റബ്ബർ ബോർഡു് ആസൂത്രണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ഇതിന്റെ ഒരു മുഖ്യഭാഗമായികണ്ണൂർ കോഴിക്കോടു് ജില്ലകളിലെ വിവിധഗ്രാമങ്ങളിൽ ഏകദിന റബ്ബർ കർഷകസെമിനാറുകളും പ്രദർശനങ്ങളും നടത്തുന്നതാണു്. പ്രാദേശികതലത്തിലുള്ള സഹകരണസംഘങ്ങളും മറ്റു് അനുയോജ്യമായ സംഘടനകളുമാണു് ഈ പരിപാടികാം സംഘടിപ്പിക്കുന്നതിനു് നേതൃത്വം നൽകുന്നതു്.

കണ്ണൂർജില്ലയിൽ റബ്ബർകൃഷിക്കാർ സുലഭമായുള്ള രാജപുരം, നടുവിൽ, പേരാവൂർ, എന്നിവിടങ്ങളിൽ ലുഥാക്രമം ഏപ്രിൽ 22, 24, 26 എന്നീ തീയതികളിലാണു് സെമിനാറുകളും പ്രദർശനവുംഏർപ്പാടുചെയ്തിരിക്കുന്നതു്. കോഴിക്കോടുജില്ലയിൽ കല്ലാനോടു്, കളത്തുവയൽ, കോടഞ്ചേരി എന്നിവിടങ്ങളിൽ യഥാക്രമം ഏപ്രിൽ 28, 30, മേയ് 2 എന്നീ തീയതികളിലാണു് സെമിനാറുകളും പ്രദർശനവും നടത്തുക.

റബ്ബർബോർഡിലെ അസിസ്റ്റൻറ് ഡവലപ്മെൻറ് ആഫീസർ ശ്രീ. കെ. എം. ജോസഫ്, സീനിയർ റിസർച്ച് അസിസ്റ്റൻറ് ശ്രീ. സി. എം. ജോജ്ജ് ഫീൽഡ് ആഫീസർ ശ്രീ. എസ്. ശങ്കരനാരായണൻ ഡപ്യൂട്ടി രജിസ്ട്രാർ ശ്രീ. കെ. വി ഫൽഗുനൻ, ഇൻഫർമേഷൻ ആഫീസർശ്രീ. പി. കെ. നാരായണൻ ജൂണിയർ ഫീൽഡ് ആഫീസർ ശ്രീ. എ. രാമകൃഷ്ണൻ എന്നിവരടങ്ങിയ ഒരു വിദഗ്ദ്ധസംഘമാണ് ഈ സെമിനാറുകളിലെ ചർച്ചകൾക്ക നേതൃത്വം നൽകുന്നതു്. നബ്ബർവിത്തുകളും തൈകളും നടുന്നവിധം, നിലമൊരുക്കേണ്ടവിധം, വളത്തിനു് വളംചേർക്കൽ, രോഗനിവാരണനടപടികാം, ടാപ്പിംഗ്, റബ്ബർബോർഡ് നടപ്പിലാക്കിവരുന്ന വിവിധപദ്ധതികാം എന്നീ വിഷയങ്ങളെക്കുറിച്ചു് ചർച്ചകാം നടത്തുന്നതാണു്.

എല്ലാ സ്ഥലത്തും സെമിനാറുകാംക്കുശേഷം ചേരുന്ന സമാപനസമ്മേളനം റബ്ബർബോർഡ്പ്രൊയർമാൻ ശ്രീ. പി. എസ്. ഹബീബ്മുഹമ്മദ്ഉൽഘാടനം ചെയ്യുന്നതാണു്, ഓരോ സ്ഥലത്തും അതതു സ്ഥലങ്ങളിലെ റബ്ബർ കൃഷിക്കാർ തങ്ങാംക്ക നേരിടുന്ന വിഷമതകളും പ്രശ്നങ്ങളും അടങ്ങിയ മെമ്മോറാണ്ടങ്ങാം ചെയർമാനു സമർപ്പിക്കുന്നതാണു്.

ഈ സെമിനാറുകളോടനുബന്ധിച്ചു് ഓരോ സ്ഥലത്തും ഓരോ പ്രൊപ്രദർശനവും റബ്ബർബോർഡ് സംഘടിപ്പിക്കുന്നുണ്ട്. ഇതു വിപുലമായ ഒരു പ്രചരണപരിപാടി മലബാറിലെ റബ്ബർ കൃഷിക്കാർക്കിടയിൽ ഇതാദ്യമായാണു്.

മായാവികർക്കു് പിഴ

[സ്വ. ലേ] കണ്ണൂർ, ഏ. 15

പ്രൊവയ്യൂരിലെ എം. ഹൈദർ, എം. മുഹമ്മദു് എന്നിവർ നിരോധിച്ച കേസരി വിറവൈനത്തിനു 100 രു. പിഴയടക്കാൻ വിധിക്കയുണ്ടായി. തൃക്കരിപ്പൂരിൽ കെ. കുഞ്ഞപ്പക്കു് 60 രു. മേൽ പറഞ്ഞ പരിപ്പുവിറവിനു ശിക്ഷയായി വിധിച്ചു. നീലേശ്വരം ഹെൽത്തു് ഇൻസ്പെക്ടർ ശ്രീ. ടി. എ. നീലകണ്ഠനാണു് പ്രസ്തുത കേസ്സുകാംചുമത്തിയതു്.

....

എളന്തിക്കര പുത്തൻവേലിക്കര പ്രദേശങ്ങളിൽകോളറപടർന്നുപിടിക്കുന്നു

അഞ്ചുപേർ മരിച്ചതായി റിപ്പോർട്ടു്

[സ്വ. ലേ.] പോന്മംഗലം ഏ. 14

ഇവിടേയ്ക്കടുത്ത പ്രദേശങ്ങളായ എളന്തിക്കര, പുത്തൻവേലിക്കര എന്നിവിടങ്ങളിൽ അതിഭീകരമായ തോതിൽ കോളറാ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ കോളറാരോഗം മൂലം അഞ്ചു് മരണങ്ങാം ഇവിടങ്ങളിൽ ഉണ്ടായതായി അറിവായിട്ടുണ്ടു്. ഇതോടുകൂടി പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങാം 3 യവിഹപലരായി കഴിയുകയാണു്. കോളറാ രോഗംമൂലം പുത്തൻവേലിക്കര ആസ്പത്രിയിൽ ഇപ്പോാം ഇരുപതോളം രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടു്. രോഗികാം ദൂരദൂരം വന്നുകൊണ്ടിരിക്കുന്നതിനാൽ സൗകര്യക്കുറവിനാലാണെന്നറിയുന്നു അവക്കു് ആസ്പത്രിയിൽ പ്രവേശനം നിഷേധിച്ചുകൊണ്ടിരിക്കുകയാണു്.

എളന്തിക്കരയിൽ പ്രസ്തുത രോഗശമനത്തിനുവേണ്ടി ഇന്നേവരെ ഗവമേണ്ടിന്റെ യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല. ഈ സംഭവം ജനങ്ങളിൽ അമ്പരപ്പും വളർത്തിയിട്ടുണ്ടു്.

....

മന്ത്രി സെൻസസിനു വിജയം

കണ്ണൂർ ഏ. 13

കേരള സ്റ്റേറ്റ് ഫുട്ബാം ടീമിന്റെ 6 കളിക്കാർ ഇന്നലെ വളപട്ടണത്തുവെച്ച നടക്കുന്ന അനധികൃത സെവൻസ് ഫുട്ബാം ടൂർണ്ണമെൻറിൽ പങ്കെടുക്കുകയുണ്ടായി. അവർ മന്ത്രി സെവൻസിനുവേണ്ടിയാണു് കളിച്ചതു്. ഏകപക്ഷീയമായ 9 ഗോളിനു പാലക്കാടിനെ തോല്പിച്ചു. സ്റ്റെയിറ്റ്ടീം കേപ്പറന്മാരായ ശ്രീ. സത്യൻ (ലക്കിസ്റ്റാർ) ജോജ്ജ് (ജിംഖാന) എന്നിവരും ജയിംസ്, ബാലസുബ്രഹ്മണ്യം (ജിംഖാന) സദാനന്ദൻ, ദാമോദരൻ, നാരായണൻ (ലക്കിസ്റ്റാർ) എന്നിവരും നന്നായി കളിക്കുകയുണ്ടായി. സ്വ. ലേ.

760 ഗ്രാം സ്വർണ്ണം കിട്ടി

[സ്വ. ലേ] കണ്ണൂർ, ഏ. 13

കാസർക്കോടു് കീഴൂർ ശാസ്താം മഹാക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണം പ്രമാണിച്ചു് നാലമ്പലം പൊളിച്ചുനീക്കുമ്പോാം ഭൂമിക്കടിയിൽ ഒരു ചെമ്പുപാത്രത്തിൽ ഒന്നേമുക്കാൽ ഫീറ്റ് വീതിയും ഒരു ഫുട്ടോളമുള്ള 760 ഗ്രാം തൂക്കംവരുന്ന സ്വർണ്ണത്തിന്റെ ഒരു കട്ടി കണ്ടുകിട്ടിയിരിക്കുന്നു. ഈ പാത്രത്തിൽ 100 കൊല്ലം പഴക്കമുള്ള കുറെ സ്വർണ്ണാഭരണങ്ങളും കണ്ടെടുക്കുകയുണ്ടായി.

—o—

യാത്രയയപ്പു്

കണ്ണൂർ ഏ. 13

കണ്ണൂർ ഗവമേണ്ടു് ഹൈസ്കൂളിലെ മലയാളം പണ്ഡിറ്റായിരുന്നു് ഉദ്യോഗക്കാലം പ്രശസ്തസേവനം അനുഷ്ഠിച്ചു പിരിഞ്ഞുപോകുന്ന കെ. പി. കുഞ്ഞൻ മാസ്റ്റർക്ക് കണ്ണൂരിലെ പൌരാവലിയുടെ വകയായി ഒരു ഗംഭീരയാത്രയയപ്പുസമ്മേളനം ടൌൺഹാളിൽവെച്ച നൽകുകയുണ്ടായി. മുനിസിപ്പാൽ ചെയർമാൻ എൻ. കെ. കുമാരൻ അദ്ധ്യക്ഷത്വം വഹിച്ചു. വി. ഗോവിന്ദൻ, എം. അബ്ദു

റഹിമാൻ, എം. കരുണാകരൻനമ്പ്യാർ എന്നിവർ പ്രസംഗിച്ചു. [സ്വ. ലേ]

1964-ലെ ടെലഫോൺ ഡൈറക്ടറി

തൃശ്ശൂർ, ഏപ്രിൽ 15

1964-ലെ ടെലഫോൺ ഡൈറക്ടറി ഇന്നു് നഗരത്തിൽ വിതരണമാരംഭിച്ചിരിക്കുന്നു. ഡയറക്ടറി 64-ലേതാണെങ്കിലും ഇതു് വിതരണം ചെയ്ത ദിവസം 1965 ഏപ്രിൽ 15 ആണു്.



കുരിശിൻചുവട്ടിൽ

— തോമസ് പാറന്തൂർ —

മണ്ണിൽമനുജനുമോക്ഷംപണിയാൻ
മുംമുടിചൂടിമരിച്ചവനേ
നിൻതിരുരക്തംകൊണ്ടീമണ്ണിനു
ദാഹംമാറിയതില്ലെന്നോ

(മണ്ണിൽ)

കണ്ണീരൊപ്പിനനഞ്ഞോരുകൈകളും
മക്കളെമാടിവിളിക്കുമ്പോാം
അകലുന്നകലുന്നയന്ത്രകോപ്പു
പ്രീശന്മാരുടെകൊലവിളികാം

(മണ്ണിൽ)

കരളിൻകാസയിൽചോരപകർന്നു
ബലിയർപ്പിച്ചജഗൽനാഥാ
അങ്ങേകാൽക്കൽകുരിശിൻചോട്ടിൽ
കൈയിണകുപ്പിനിൽപ്പുഞാൻ

(മണ്ണിൽ)

വ്യവസായത്തിലെ സുരക്ഷിതത്വം

— ഡി. സഞ്ജീവയ്യ —

വ്യവസായത്തിൽ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനു് മഹത്തായ സാമൂഹ്യ-സാമ്പത്തിക പ്രാധാന്യമുണ്ടു്. അപകടങ്ങാം, തൊഴിൽ സംബന്ധമായ രോഗങ്ങാം തുടങ്ങിയവയിൽനിന്നു് മനുഷ്യനുണ്ടാകുന്ന കഷ്ടതകാം സാമ്പത്തികമായ നഷ്ടത്തെക്കാാം സാമൂഹ്യമായ ഒരു നഷ്ടമാണു്. അപകടങ്ങാം മനുഷ്യന്റെ ആത്മവീര്യത്തെയും കാര്യക്ഷമതയേയും തുരങ്കം വെയ്ക്കുന്നു. ഈ വിധത്തിലുണ്ടാകുന്ന സാമൂഹ്യ – സാമ്പത്തിക നഷ്ടങ്ങളെക്കുറിച്ചു് ശരിയായ ഒരു തിട്ടപ്പെടുത്തൽ ഇതുവരെ ആരും നടത്തിയിട്ടില്ല. ഫാക്ടറികളിലെ അപകടങ്ങാം മൂലം പ്രതിവർഷം 100 ലക്ഷം പ്രയാദിവസങ്ങാം നഷ്ടപ്പെടുന്നതായി കണക്കാക്കിയിരിക്കുന്നു. ഉല്പാദനത്തിലെ നഷ്ടവും മറ്റും കൂടാതെ പ്രതിവർഷം ഏതാണ്ടു് നാലു് കോടി രൂ. നഷ്ടപ്പെടുന്നുണ്ടു്.

ഇന്ത്യയിലെ വ്യവസായിക വികസനത്തിലെ മാനുഷിക പ്രശ്നങ്ങളിൽ സമചിത്തമായ ശ്രദ്ധ ആവശ്യമായ ഒന്നാണു് വ്യവസായിക സുരക്ഷിതത്വമേതു്. കഴിഞ്ഞ പന്ത്രണ്ടുവർഷത്തെ (1950-60) കണക്കുകളുടെ വെളിച്ചത്തിൽ ഫാക്ടറികാം, തുറമുഖങ്ങാം, റെയിൽവേ എന്നിവിടങ്ങളിലെ തൊഴിലാളികളുടെയിടയിലെ അപകടനിരക്കു് വർദ്ധിച്ചതായി കാണുന്നു.

അപകടം ഒഴിവാക്കൽ

അപകടങ്ങാം ഒഴിവാക്കുന്നതിനു് ഗവമെണ്ടു് അടുത്ത കാലത്തായി കൂടുതൽ പ്രാധാന്യം നൽകിവരുന്നു. തന്മൂലം അപകടങ്ങളുടെ നിരക്കും ഗുരുതരാവിധം കുറഞ്ഞിട്ടുണ്ടു്. ഇന്ത്യയിലെ ഖനന വ്യവസായത്തിനു് തുടക്കംകുറിച്ചതുമുതൽ നിയന്ത്രണങ്ങാം പാലിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 1890-ാമാണ്ടു് മുതൽ നിയമനിർമ്മാണം നടത്താൻ കഴിഞ്ഞുള്ളൂ. 1901-ൽ ഖനിനിയമം നടപ്പാക്കിയും 1923-ൽ ഖനി വകുപ്പു് ഏർപ്പെടുത്തുകയും ചെയ്തു. ഈ നിയമത്തിൽ ഇടയ്ക്കിടയ്ക്കു് ഭേദഗതികാം വരുത്തുകയുണ്ടായി. ഇന്നു നിലവിലുള്ള കോഡിനെ സംബന്ധിച്ചു് ഖനിത്തൊഴിലാളികളുടെ ആരോഗ്യം, ക്ഷേമം, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ ഈ കോഡും പ്രവർത്തിച്ചു തുടങ്ങി. അതോടൊപ്പം തൊഴിലാളികൾ സുരക്ഷിതത്വബോധം വളർത്തുന്നതിനുള്ള നടപടികളും ഏറെറടുക്കപ്പെട്ടു.

സംസ്ഥാന തൊഴിൽകാര്യ മന്ത്രിമാരുടെ സമ്മേളനനിർദ്ദേശങ്ങളെ ആധാരമാക്കി 'ശ്രമവീർ' എന്ന ദേശീയ അവാർഡുകാം നൽകുന്നതിനു് ഒരു പദ്ധതിയും ദേശീയ സുരക്ഷിതത്വ അവാർഡു് നൽകുന്നതിനു് മറ്റൊരു പദ്ധതികളും ഏർപ്പെടുത്തി. വ്യവസായിക സുരക്ഷിതത്വത്തിൽ മാനേജുമെൻറിനും തൊഴിലാളികൾക്കും ഉത്തേജനം നൽകുന്നതിനു് ഒരു 'സേഫ്ടി കോൺഗ്രസ്സും' സംഘടിപ്പിച്ചുവരുന്നു. ഈ സമ്മേളനത്തിനുശേഷം ഒരു ദേശീയ സുരക്ഷിതത്വ കൌൺസിലും നിലവിൽ വരുന്നതാണു്, സുരക്ഷിതത്വം സംബന്ധിച്ച വ്യവസ്ഥകളിലെ പഴകാം നീക്കാൻ ഫാക്ടറിനിയമത്തിൽ താമസിയാതെ ചില ഭേദഗതികാം വരുത്തുന്നതായിരിക്കും.

ഖനിത്തൊഴിലാളികാം

ഇന്ത്യൻ തുറമുഖതൊഴിലാളി നിയമത്തിലും വ്യവസ്ഥകളിലുംതുറമുഖതൊഴിലാളികളുടെസുരക്ഷിതത്വസംബന്ധിച്ചു് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ നിയമം കൃത്യമായി പാലിക്കുന്നതിനു് കയറിയിറങ്ങുന്നതിനുള്ള ഗോവണി, കയറുകാം, ഭാരം കയറ്റുന്നതിനുള്ള ഉപകരണങ്ങാം എന്നിവയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. തുറമുഖത്തെ എല്ലാ തൊഴിലാളികളുടെയും ഉൾക്കൊള്ളിച്ചുകൊണ്ടും 1961-ൽ സുരക്ഷിതത്വം ആരോഗ്യം, ക്ഷേമം എന്നിവയങ്ങി തുറമുഖതൊഴിലാളി പദ്ധതി തയ്യാറാക്കുകയും അതു് 1961 ഒക്ടോബർ 1-ാംതീയതി നടപ്പിലാക്കുകയും ചെയ്തു. തുറമുഖത്തൊഴിലാളികളിൽ സുരക്ഷിതത്വബോധമുളവാക്കുന്നതിനു് എല്ലാ പ്രധാന തുറമുഖങ്ങളിലും തുറമുഖ സുരക്ഷിതത്വ സമിതികാം ഏർപ്പെടുത്തുകയുണ്ടായി. കൂടാതെ, സൂപ്പർവൈസറി ജോലിക്കാർക്കു് ഹ്രസ്വകാല പരിശീലന കോഴ്സുകാം ഏർപ്പെടുത്തുകയുംചെയ്തു. ചലച്ചിത്രങ്ങാം, ബുള്ളറിനുകാംതുടങ്ങിയവമുഖേനശ്രാവ്യ-ദൃശ്യപ്രചരണങ്ങളും നടത്തിവരുന്നു.

കെട്ടിട നിർമ്മാണ വ്യവസായം

കെട്ടിട നിർമ്മാണ വ്യവസായത്തിൽ സുരക്ഷിതത്വംഉറപ്പുവരുത്തുന്നതിനുവേണ്ടി ഇതുവരെ ഒരു നിയമനിർമ്മാണവും നടത്തിയിട്ടില്ല. തൽസംബന്ധമായി തയ്യാറാക്കിയ നിയമത്തിന്റെ കരടിനു് കെട്ടിടനിർമ്മാണ വ്യവസായം സംബന്ധിച്ചു് താമസിയാതെ വിളിച്ചു കൂട്ടുന്ന ത്രികക്ഷി സമിതി അവസാനരൂപം നൽകുന്നതാണു്.

സുരക്ഷിതത്വം

അതി പുരാതകാലം മുതല്ലേ ഒരു കാർഷിക രാജ്യമായിരുന്ന ഇന്ത്യയിൽ വ്യവസായവൽക്കരണം വളരെ വേഗത്തിലാണു് നടക്കുന്നതു്. പഴയ വ്യവസായിക രാജ്യങ്ങളിൽ ക്രമേണയായി സാങ്കേതിക പുരോഗതി കൈവരിക്കുന്നുള്ള. രാജ്യത്തെ വ്യവസായരീതി അനുക്രമം ആവിഷ്ക്കരിച്ചപ്പോാം ആ രാജ്യങ്ങാം സുരക്ഷിതത്വത്തിലും വേണ്ട നടപടികാം സാധ്യമാം കൈക്കൊണ്ടു. നമ്മുടെ രാജ്യത്താകട്ടെ ഈ സാഹചര്യങ്ങാം നിലവിലില്ല. മറ്റു രാജ്യങ്ങളുടെ ആനുഭവങ്ങാം മനസ്സിലാക്കി സുരക്ഷിതത്വത്തിനു വേണ്ട എല്ലാ നടപടികളും കൈക്കൊള്ളേണ്ടതുണ്ടു്. ഇതിന്റെ ആവശ്യകത ഗവർമ്മേണ്ടിനു് ബോദ്ധ്യമായിട്ടുണ്ടു്. പ്രൃത്തി സ്ഥലത്തു് പരമാവധി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ട എല്ലാ നടപടികളും ഗവമെണ്ടു് കൈക്കൊള്ളുന്നതാണു്. എല്ലാ കൃഷികളുടെയും സഹകരണവുണ്ടെങ്കിലേ ഇതു് സാദ്ധ്യമാകൂ. സുരക്ഷിതത്വബോധം വളത്തുന്നതിൽ തൊഴിലാളികളുടേയും തൊഴിലുടമകളുടെയും സംഘടനകാംക്കു് അതിപ്രധാനമായ ഒരു പങ്കു് വഹിക്കാനുണ്ടു്. അവരുടെ ഫലപ്രദമായ സഹകരണം കൂടാതെ രാജ്യത്തെ സുരക്ഷിതത്വ പ്രവർത്തനം കാര്യമായ എന്തെങ്കിലും പ്രതിഫലമുളവാക്കുമോ എന്നതു് സംശയാസ്പദമത്രേ

ഗവർമ്മെണ്ട് അദ്ധ്യാപകരുടെ ശമ്പള പ്പിടുത്തത്തിൽ കടുത്ത അമർഷം

ഗവ: ടീച്ചേഴ്സ് ഫെഡറേഷൻെറ പ്രസ്താവന

തിരുവനന്തപുരം, ഏ. 14

കേരളാ ഗവർമ്മേണ്ട് ടീച്ചേഴ്സ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റി പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു.

കേരളത്തിലെ 3000ൽപരം ഗവ: പ്രൈമറിഅദ്ധ്യാപകരുടെ ശമ്പളത്തിൽ ഒരു ഭാഗം തിരിച്ചടയ്ക്കുന്നതിന് ഗവണ്മെൻറ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കയാണ്. ഇതനുസരിച്ച് മുന്നൂറും നാനൂറും രൂപയ്ക്ക് മേൽ പൊന്നാനവേ തിരിച്ചടയ്ക്കേണ്ടുന്ന ഗതികേടിൽ അധ്യാപകർ എത്തിച്ചേർന്നിട്ടുണ്ട്. അതിൽ അധികം പേരുടേയും ശമ്പളം പിടിച്ചുതുടങ്ങി. മറവള്ളവരുടെയും ശമ്പളം പിടിക്കുന്നതിന് ഉടൻജ്ജിത നടപടികൾ കൈക്കൊണ്ടിരിക്കുന്നതായി അറിയുന്നു.

ചില പ്രത്യേക പരിത:സ്ഥിതികൾ പരിഗണിച്ച് അൻടെയിൻകാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരാണ് ഈ ശമ്പളപ്പിടിത്തത്തിന് വിധേയരായ ഹതഭാഗ്യർ. മൻകാലത്തും അവക്ക് മറ്റദ്ധ്യാപകരെപ്പോലെ ശമ്പളവും വാദ്ധിക ഇംക്രിമെൻറും അലവൻസുകളും അനുവദിച്ചിരുന്നു. ഏതാനും വർഷമായ് മുതൽ ഇൻക്രിമെൻറ് നിറുത്തലാക്കിക്കൊണ്ടും മിനിമം ശമ്പളവും അലവൻസും മാത്രം നൽകി. അതിനു പിന്നെയും മാറ്റംവന്നു. ടെയിനിങ്ങ് കാലമായ രണ്ടുവർഷവും സബ്സിസ്റ്റൻസ് അലവൻസായി പ്രതിമാസം 30ക. മാത്രമേ അനുവദിക്കുയുള്ള എന്ന നിയമമായി.

ഉദ്യോഗകാലത്തെ പ്രത്യേക പരിത: സ്ഥിതികളും, ടെയിനിങ്ങ് കാലമായ സ്കോ സബ്സിസ്റ്റൻസും അലവൻസ് വാങ്ങി ജീവിക്കേത്തക്കവണ്ണും, എങ്ങനെ മാർഗമെന്ന് മനസ്സിലാക്കാൻ പ്രയാസമാണ്. ശമ്പളവും അലവൻസും ഉൾപ്പടെ 89 രൂപകൊണ്ട് ഒരു കുടുംബം പുലർത്തിവന്ന അദ്ധ്യാപകനോ ഇങ്ങനെ ടെയിനിങ്ങ് കാലത്തു 30 രൂപയിൽ കുടുങ്ങി നിൽക്കേണ്ടുന്ന ഗർവിധിയായി. ഏതാണ്ട് മുക്കാൽ പട്ടിണിയിലൂടെ ടെയിനിങ്ങ് പാസായാൽ നിയമനം മുതൽ പാസാകുന്ന തിയതിവരെയുള്ള വാർഷിക ഇംക്രിമെൻറ കണക്കാക്കി ഒരു കുമിലോറീവ് ബേസിസിൽ ശമ്പളം ക്ലിപ്തപ്പെടുത്തി കൊടുക്കുമായിരുന്നു. അങ്ങനെ ലഭിച്ച നേരിയ ആശ്വാസത്തിൽ കഴിയവെയാണ് ഏതാനുമാസം മുമ്പ് ശമ്പളപ്പിടുത്ത ഉത്തരവുണ്ടായതു്. സബ്സിസ്റ്റൻസ് അലവൻസ് വാങ്ങിയതാണ് അതിനുകാരണമായി അധികൃതർ ഉന്നയിച്ചിരുന്നതു്.

അൻടെയിൻറ് അധ്യാപകനായി നിയമിക്കാനുള്ള പ്രത്യേക പരിത സ്ഥിതികൾ കണക്കിലെടുത്താൽ ടെയിനിങ്ങ് കാലത്തു അതിനുമുമ്പു വാങ്ങിക്കൊണ്ടിരുന്ന ശമ്പളമതന്നെ കൊടുക്കേണ്ടതായിരുന്നു എന്നു വ്യക്തമാണ്. അതിനുപകരം സബ്സിസ്റ്റൻസ് അലവൻസ് നൽകിയതും, അതുപോലും മുഴുവൻ നൽകാതെ ശമ്പളം പിടിച്ചെടുക്കുന്നതും നീതിക്കു നിരക്കാത്ത വസ്തുതകളാണ്. നിയമത്തിൻറെ പഴുതിൽ ഒരിക്കൽ കൊടുത്ത ശമ്പളം, ആനിയമം ഭേദഗതി ചെയ്തുകൊണ്ട് തിരിച്ചടയ്ക്കണമെന്നു പറയുന്നതു് ഒരുപക്ഷേ ഗവണ്മെണ്ടിൻെറ ചരിത്രത്തിൽ ഇതാദ്യമായിരിക്കാം.

തൊഴകം സംഭവിക്കാം. അനുതിരുത്തുന്നതിൽ അധികൃതർ കൈക്കൊണ്ടിരിക്കുന്ന കഠോരമായ അനാസ്ഥയോ കാലവിളംബമോ തികച്ചും അക്ഷന്തവ്യമാണ്. ഭക്ഷ്യക്ഷാമവും നിത്യോപയോഗസാധനങ്ങളുടെ അമിതമായ വിലവർധനവും നിമിത്തം സാമ്പത്തികമായി അദ്ധ്യാപകർ തകർന്നിരിക്കുകയാണ്. ഇന്നു് അദ്ധ്യാപകർക്ക് നൽകുന്ന വേതനം 'ഉചിതമായ ക്ഷാമറേറിയ'മാണെന്നു് പരക്കെ സമ്മതിച്ചിട്ടുള്ളതുമാണ്. അങ്ങനെയുള്ള പ്രതിമാസവരവിൻെറ ഒരുഭാഗം നീതിരഹിതമായി പിടിച്ചെടുക്കുന്ന ഈ നടപടി അദ്ധ്യാപകരുടെഇടയിൽ ഗുരുതരമായ വൈഷമ്യങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. അതിനാൽ ഈ ശമ്പളപ്പിടുത്ത നടപടിയെ വെറുമൊരു ലാഘവബുദ്ധിയോടെ വീക്ഷിക്കാതെ ഉടനെ നിവർത്തിവയ്ക്കണമെന്നും, പിടിച്ചുതുക ഉടനടി തിരിച്ചുകൊടുക്കണമെന്നും അധികൃതരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യാപകരോട് ഒരുവാക്ക്. അന്യായമായ ഈശമ്പളപ്പിടിത്തനടപടികൾക്കെതിരെ കൈക്കൊള്ളുന്നതിനും സ്റ്റേറ്റ് കമ്മറിയുടെ തീരുമാനിച്ചിരിക്കുകയാണ്. ടെയിനിങ്ങ് കാലത്തു് സബ്സിസ്റ്റൻസ് അലവൻസ് വാങ്ങിയ എല്ലാ അദ്ധ്യാപകരും അവരുടെ പൂർണ്ണമായ മേൽവിലാസങ്ങളും മറ്റു വിവരങ്ങളും ഉടനെ അയച്ചുതരണം. മറ്റും ഭാവിപരിപാടികളിൽ ആത്മാർത്ഥമായി സഹകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു. (സ്വ ലേ)

സ്വർണ്ണതൊഴിലാളികളുടെ ലൈസൻസ് പ്രശ്നം

തൃശ്ശൂർ, ഏ. 14

കാഠം കേരള ഗോൾഡ് വർക്കേഴ്സ് യൂണിയൻ തൃശ്ശൂർ ടൌൺ കമ്മറിറി സെക്രട്ടറി അറിയിക്കുന്നു.

ഗോൾഡ് വർക്കേഴ്സ് യൂണിയൻ നടത്തിയിട്ടുള്ള പരിശ്രമത്തിൻെറ ഫലമായി 1964–ൽ ലൈസൻസ്സ് എടുക്കാത്ത എല്ലാ ആഭരണതൊഴിലാളികൾക്കും 1965ലേയ്ക്കു ലൈസൻസ്സ് കൊടുക്കുവാൻ ഗവർമ്മേണ്ടു് ഉത്തരവായിട്ടുണ്ട്. ആയതിൻെറ അടിസ്ഥാനത്തിൽ ഇതുവരെ ലൈസൻസിനു അപേക്ഷിക്കാത്ത തൊഴിലാളികളും നിശ്ചിതഫോറത്തിൽ ഫോട്ടോയും രണ്ടു കയ്യടെ സെൻറിൽ എസ്റ്റൈസ്സ് റവന്യൂ സ്റ്റാമ്പും 1964–ൽ ലൈസൻസ്സ് എടുക്കാത്തകാരണങ്ങളും വ്യക്തമാക്കികൊണ്ട് ഒരു അപേക്ഷയും സഹിതം തൃശ്ശൂർ താലൂക്ക് തഹസിൽദാർക്ക് സമർപ്പിച്ചാൽപുതിയ ലൈസൻസ് അനുവദിക്കുന്നതുവരെ സ്വതന്ത്രമായി ജോലിചെയ്യുവാൻ ഗവർമ്മേണ്ടിനിന്നും ഒരു രേഖ തരുന്നതാണ്. (എക്കനോമ്പ്സ് മെൻറ്) എന്നു് ഗവർമ്മേണ്ടും തഹസിൽദാരും യൂണിയനെ അറിയിച്ചിരിക്കുന്നു. ആയതുകൊണ്ടു് ഇതുവരെ ലൈസൻസ് എടുക്കാത്ത എല്ലാ തൊഴിലാളികളും പുതിയ ലൈസൻസിനു് വേണ്ടി അപേക്ഷിക്കണമെന്നും, പുതിയ ലൈസൻസിനു യൂണിയൻ വഴി അപേക്ഷിച്ചിട്ടുള്ള തൊഴിലാളികളും ഉടൻ യൂണിയനാഫീസിൽവന്നു് കാരണങ്ങളും വ്യക്തമാക്കികൊണ്ടു് പഴയ അപേക്ഷയുടെയും അതുതു് തൊഴിലാളികളും തഹസിൽദാരുടെ മുമ്പാകെ സമർപ്പിക്കണമെന്നും പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

കാശ്മീരിൽ വസന്തം നൃത്തം വെയ്ക്കുന്നു

വസന്തം വന്നുചെംബൽകുടി കാശ്മീർ താഴ്വരയെ പുണരിയിച്ചിരിക്കുന്നു. വസന്തത്തോടൊപ്പം ടൂറിസ്റ്റ് സീസണും വന്നെത്തിയിരിക്കുന്നു. അതുവരെയുള്ള ബുക്കിങ്ങ് നോക്കിയാൽ ഇപ്രാവശ്യം വളരെയധികം വിനോദസഞ്ചാരികളും വന്നെത്തുമെന്നാണു പ്രതീക്ഷ. ടൂറിസവുമായി ബന്ധമുള്ളവരെല്ലാം തയ്യാറെടുപ്പ് തുടങ്ങിയിരിക്കുന്നു. ഹോട്ടലുകളും, റസ്റ്റാറൻറുകളും, ബിസ്സിനസ്സ് കേന്ദ്രങ്ങളും, നൃത്തഗാനകാഴ്ചകൾ കേന്ദ്രങ്ങളും എന്നിവയെല്ലാം മോടി പിടിപ്പിക്കപ്പെട്ടിട്ടുണ്ട്. ശ്രീനഗർ, ഗുൽമർഗ്ഗ്, പഹൽഗാം എന്നിവിടങ്ങളിൽ കാപ്പുൺ എയർ സിനിമാശാലകളും ഭാൽതടാകത്തിൽ പൊന്തിക്കിടക്കുന്ന ഒരു റസ്റ്റാറണ്ടും ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസ്റ്റ് ഗതാഗതത്തിനു് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അധീകൃതരും. ഇന്ത്യൻ എയർ ലൈൻസ് കോപ്പറേഷനും, റെയിൽവേ ബോർഡും തക്കതായ ഏർപ്പാടുകളെല്ലാം ചെയ്തു കഴിഞ്ഞിരിക്കുന്നു. വിദേനസന്ദർശകർ കൂടുതൽ കൂടുതൽ കാശ്മീരിലേക്കു വരുന്നുണ്ടു്. ഇപ്രാവശ്യം മദ്ധ്യപൂർവ്വദേശങ്ങളിൽനിന്നും ധാരാളം വിനോദസഞ്ചാരികളും വന്നെത്തുന്നുണ്ടു്.

സലാൽ ജലവൈദ്യുത പദ്ധതി

ജമ്മു–കാശ്മീരിൽ കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സലാൽ ജലവൈദ്യുത പദ്ധതി ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയായിരിക്കും. ഒരു സംഘം റഷ്യൻ വിഗ്ദ്ധന്മാർ ഇതുസംബന്ധിച്ചു പ്രാഥമിക സ്ഥല പരിശോധന നടത്തി കഴിഞ്ഞു. 1967–ൽ ഈ പദ്ധതി സമാരംഭിക്കാൻ കഴിയുമെന്നാണു് പ്രതീക്ഷ. ഒരു ലക്ഷം കിലോവാട്ട് വീതമുള്ള ഉല്പാദിപ്പിനിതി നകഴിയും. ഇപ്പോഠം ചഞ്ചാബിൽ നിന്നു കറെ വിദ്യുച്ഛക്തി വാങ്ങിക്കൊണ്ടിരിക്കുന്ന ജമ്മു–കാശ്മീരിനു് സലാൽ പദ്ധതി പൂർത്തിയായാൽ സ്വന്തം ആവശ്യവും കഴിഞ്ഞു് പഞ്ചാബിനും, ഹിമാചലപ്രദേശിനും കുറെ വിദ്യുച്ഛക്തി നൽകാനും കഴിയും.

ഭ്രൂഹിതർക്കു ഭൂമി

ഭൂപരിധിനിശ്ചയിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വരുത്താൻ ജമ്മു–കാശ്മീർ സംസ്ഥാനം നടപടികളും എടുത്തിരിക്കുന്നു. നാലുലക്ഷത്തിഅമ്പതിനായിരം ഏക്കർ ഭൂമി ശവർമെണ്ടു് കൈവശപ്പെടുത്തി കുടിയാന്മാർക്കും ഭൂഹിതർക്കും വിതരണം ചെയ്യുന്നതാണു്.

മദ്യനിർമ്മാണശാല

കാശ്മീർ താഴ്വരയിൽ ആധുനിക രീതിയിൽ ഒരു മദ്യനിർമ്മാണശാല സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഒരു സംഘം അമേരിക്കൻ വിഗ്ദ്ധന്മാരും ഒരു സംഘം ചെക്ക് വിഗ്ദ്ധന്മാരും സംസ്ഥാനഗവർമെണ്ടുമായി ചർച്ചകളും നടത്തി. കഴിഞ്ഞവർഷം ലഡാക്ക് ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനഗവർമെണ്ടു് 23ലക്ഷം ക. ചിലവഴിച്ചു.

ടങ്ക് ഡയലിങ്ങ്

ശ്രീനഗറിനും ഡൽഹിക്കുമിടയിൽ ടെലിഫോൺ വർദ്ധിക്കുക നോട്ടു് ടങ്കിൽ സംസാരിക്കുന്നതിനുള്ള ഏർപ്പാടു് അടുത്ത ശൈത്യ കാലത്തു് ഉണ്ടാകുന്നതാണു്. ശ്രീനഗറിലെ ടെലിഫോൺ എക്സ്ചേഞ്ച് വികസിപ്പിക്കുന്നുമാണു്.

ലഡാക്കിൻെറ വികസനം

ലഡാക്ക് വികസന കമ്മറിറി വിദ്യുച്ഛക്തി ഉല്പാദനം, ജലസേചനം, വിദ്യാഭ്യാസവികസനം എന്നിവയുള്ള പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന തീരുമാനിച്ചിരിക്കുന്നു. ലഡാക്ക് കാര്യങ്ങൾക്കുള്ള മന്ത്രി ശ്രീ. കശക്ബകള അദ്ധ്യക്ഷനായുള്ള കമ്മറിറി,ലഡാക്കിലെ വിവിധ വികസനപദ്ധതികളെകുറിച്ച് അവലോകനം നടത്തി. കഴിഞ്ഞവർഷം ലഡാക്ക് ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനഗവർമെണ്ടു് 23ലക്ഷം ക. ചിലവഴിച്ചു.

—

മത്സ്യ വ്യവസായത്തിനു് കേരളത്തിനു് 10 കോടി

നാലാം പദ്ധതിയിൽ ചിലവഴിക്കും

തിരുവനന്തപുരം, ഏ. 14

3–ാംപദ്ധതിയിൽ മത്സ്യവ്യവസായ വികസനത്തിനായി കൊള്ളിച്ചിരുന്നതിൻെറ അടിസ്ഥാനത്തിൽ കൂടുതൽ [10കോടി രൂപാ) 4–ാം പദ്ധതിക്കാലത്തു് മത്സ്യവ്യവസായത്തിൻെറ അഭിവൃദ്ധിക്കായി ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇന്ത്യയിലെ ഏതു സംസ്ഥാനത്തേയും അപേക്ഷിച്ചു് കൂടുതൽസംഖ്യ 3–ാം പദ്ധതിയിലുംപ്പുത്തിയിരുന്ന സംസ്ഥാനം കേരളമാണു്. അതായതു് നാലാ കോടി രൂപാ കൊള്ളിച്ചിരുന്നു. ഇതിൽ 2. 89 കോടി രൂപായേ ചിലവാക്കുകയുള്ളു എന്നു കാണുന്ന 4–ാം പദ്ധതിയിൽ 10 കോടി രൂപാ ചിലവുവരുന്ന പരിപാടികളും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിൻെറ ഫലമായി 1970–71 ആകുമ്പോഴേയ്ക്കും മത്സ്യോല്പാദനം 9ലക്ഷം ടണ്ണാകുമെന്നു പ്രതീക്ഷിക്കുന്നു. മത്സ്യക്കയറ്റുമതിയിൽനിന്നു് ഇന്ത്യക്കുലഭിക്കുന്ന വിദേശനാണ്യത്തിൻെറ ഏതാണ്ടു് 65 ശതമാനവും കേരളമാണു് സമ്പാദിക്കുന്നതു്. 1963–64ൽ ഇന്ത്യയ്ക്കു് ഈ ഇനത്തിൽ 6 കോടി 8 ലക്ഷം രൂപായുടെ വിദേശനാണ്യം ലഭിച്ചതിൽ 3 കോടി 94 ലക്ഷം രൂപായും കേരളത്തിൻെറ കുത്തകയായിരുന്നു.

—

ഒരുലക്ഷം ടൺ കേവുഭാരമുള്ള ബ്രിട്ടൻെറ പുതിയ കപ്പൽ

ലണ്ടൻ, ഏ. 15

യൂറോപ്പിൽ നിർമ്മിക്കാനിരിക്കുന്ന ഏറ്റവും വലിയ എണ്ണക്കപ്പലായ (കേവുഭാരം 100000 ടൺ) ബ്രിട്ടീഷ് അഡ്മിറൽ ബാരോ ഇൻഡർണസ് എന്ന സ്ഥലത്തുവച്ച് രാജ്ഞി കടലിലിറക്കിയിരിക്കുന്നു. ബ്രിട്ടീഷ് പെട്രോളിയം കമ്പനിക്കവേണ്ടി വർക്കേഴ്സ് ആൻഡ് ടോങ്ങേഴ്സ് ഉണ്ടാക്കുന്ന ഈ എണ്ണക്കപ്പലിനു് 947 അടി നീളവും പഞ്ചിനഞ്ചാം സമുദ്രമൈൽ വേഗതയുമുണ്ടു്.

രണ്ടുമാസത്തിനുള്ളിൽ കപ്പൽ അതിൻെറ ആദ്യയാത്രയാരംഭിക്കുമെന്നാണു് പ്രതീക്ഷ. ഇതു് ബ്രിട്ടനിൽനിന്നു് മദ്ധ്യപൗരസ്ത്യനാടുകളിലേക്കും തിരിച്ചും ഓടിക്കൊണ്ടിരിക്കും. ബ്രിട്ടീഷ് പെട്രോളിയത്തിനുവേണ്ടി ഉണ്ടാക്കിയതുപോലുള്ള ഒരുലക്ഷം ടൺ കേവുഭാരമുള്ള മറ്റൊരു കപ്പൽ ഈ വർഷമൊടുവിൽ കടലിലിറക്കും.

യാത്രയിനുശേഷം ബ്രിട്ടീഷ് കപ്പൽ കോതിൽനിന്നു പുറപ്പെടുമ്പോൾ ഏറ്റവും കൂടുതൽ ഭാരമുള്ള കപ്പൽകൂടിയാണു് ബ്രിട്ടീഷ് അഡ്മിറൽ. രണ്ടേകാൽ കൊല്ലം കൊണ്ടു് പണിമുഴുമിച്ചു് എൻജിനുകളും ഘടിപ്പിച്ചു് കൗമിഷ്കരിക്കുയിരിക്കുന്ന ഈ കപ്പലിനു് 17000ടൺ ഭാരമുണ്ടു്.

ഇതുണ്ടാക്കാൻ വിക്കേഴ്സ് ആൻഡ് ടോങ്ങ്കാർ രണ്ടു് കപ്പൽകമ്പനികൾ തമ്മിൽ മത്സരിക്കേണ്ടിവന്നു. ഈ കോതിൽ ഇനി 130000 ടൺ കേവുഭാരം വരെയുള്ള കപ്പലുകൾ നിർമ്മിക്കാം, ജോലിക്കാക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്ഥലം ഉള്ളുവെന്നു നിയന്ത്രിക്കുവാനുമാണു്. ഒരാധുനിക യാത്രക്കപ്പലിലെ സൗകര്യങ്ങളെല്ലാം അവയ്ക്കുണ്ടായിരിക്കും. കഴിഞ്ഞ പതിനഞ്ചുകൊല്ലക്കാലത്തു് എണ്ണക്കപ്പലുകളുടെ വലുപ്പത്തിനുണ്ടായ പുരോഗതി അത്ഭുതാവഹമാണു്.

അന്താരാഷ്ട്രീയ ഗാനമത്സരം

ന്യൂഡൽഹി, ഏ. 14

ബൽജിയത്തിലെ ബെർവി യേഴ്സിൽ വെച്ചു് ഏപ്രിൽ 25 മുതൽ മേയ് 27 വരെ 15–നമ്പു് അന്താരാഷ്ട്രീയ വ്യക്തിഗാനമത്സരം നടത്തപ്പെടുന്നതാണു്. ലിങ്കൺസൺ കൗൺസിൽ ബെൽജിയൻ ഗവണ്മെണ്ടിൻെറ പ്രോത്സാഹനത്തോടെ സംഘടിപ്പിക്കുന്ന ഈ ഗാനമത്സരത്തിൽ എല്ലാ രാജ്യത്തെയും 35 വയസ്സിൽ കവിയാത്ത സ്ത്രീ പുരുഷന്മാർക്കു് പങ്കെടുക്കാവുന്നതാണു്. ആരവിഭാഗങ്ങളിലായിട്ടാണു് മത്സരം. ഓരോന്നിലും ആദ്യത്തെ നാലുസ്ഥാനം ലഭിക്കുന്നവർക്കു യഥാക്രമം 5000, 3000, 1000, 500 ബെൽജിയൻ ഫ്രാങ്ക് സമ്മാനമായി നൽകപ്പെടും.

.....

ഏജൻറിനെ കൈയ്യേറ്റം ചെയ്യാൻ ശ്രമിച്ചു

പെട്രോക്കട്ട, ഏ. 14

ഉപ്പാറിൽ താമസിക്കുന്ന ജോൺ എന്നു പറയുന്ന ഒരു റൗഡി മദ്യപിച്ചു് മദോന്മത്തനായി പാതിരാത്രിനേരം പോകുന്ന കൊച്ചുപിള്ള യേപ്പെട്ടിരിക്കുകയും പിതാവിൻെറ പണം പോലീസ് ഏജൻറിനെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തിരിക്കുന്നു.

[സ്വ ലേ]

.....

സൌജന്യ മനുവദിച്ചു

മസ്കത്തു, ഏ. 14

544–ാം നമ്പു് കല്ലക്കാ സ്കൂൾസ് സഹകരണസംഘം മെമ്പർമാരിൽ കഴിഞ്ഞവർഷം നിർഭാഗ്യരായ കാഞ്ഞിരപറമ്പൻ വാരസ്സി വാരസ്സിയുടേയും, പെരുവാ ഇല്ലത്തമ്മ ശ്രീദേവി അമ്മയുടേയും, കരുവന്നൂക്കാരൻ അപ്പുപ്പൻ തെയ്യൻറെയും, ഞമുട്ട വാരക്കുടിഅമ്മ നാരായണമേനോൻറെയും, കൊട്ടേക്കാടൻ ജോബ് മത്തായിയുടേയും, അവകാശികൾക്കു് അടിയറിൽ പിലവിധം 25ക വീതം സൌജന്യമായി നൽകിയിരിക്കുന്നു.

[സ്വ ലേ]

പുതുക്കള്ളന്മാർ അറസ്റ്റിൽ

തളിപ്പറമ്പു്, ഏ. 13

ഹംസ (വയക്കര), കുഞ്ഞിരാമൻ നായനാർ (വയക്കര) എന്നിവർക്കുടി ഇവിടെനിന്നും ഒരു പശുവിനെ മോഷ്ടിച്ചുകൊണ്ടുപോയി ആലക്കോട്ട് എന്ന സ്ഥലത്തുവച്ചു് വില്പനയ്ക്കു ശ്രമിക്കവെ ആലക്കോട്ട് പോലീസുകാരായ കരുണാകരൻനമ്പ്യാർ, കുഞ്ഞിരാമൻ എന്നിവർ സംശയിച്ചു ചോദ്യംചെയ്തപ്പോൾ കട്ടതാണെന്നു തെളിയുകയും തൊണ്ടിസഹിതം രണ്ടുപേരെയും അറസ്റ്റുചെയ്തു റിമാണ്ടിൽ വെയ്ക്കുകയും ചെയ്തിരിക്കുന്നു.

.....

ഹിന്ദിയും ഇംഗ്ലീഷും പരസ്പരം ശത്രുക്കളല്ല

(സ്വ. ലേ) തൃശ്ശൂർ ഏപ്രിൽ 13

അലൈഡ് ഹിന്ദി കോളേജ് സാഹിത്യസമാജത്തിൻെറ ഉൽഘാടനകർമ്മം ഏപ്രിൽ 10 ശനിയാഴ്ച ഉച്ചതിരിഞ്ഞു് 3 മണിക്ക് കോളേജ് ഹാളിൽ വെച്ചു കൂടിയ യോഗത്തിൽ ദക്ഷിണഭാരത ഹിന്ദിപ്രചാരസഭ കേരളശാഖാ സെക്രട്ടറി ശ്രീ വി. ആഞ്ജനേയശർമ്മ നിർവ്വഹിച്ചിരിക്കുന്നു. അലൈഡ് ഹിന്ദി കോളേജിൽ ഇരുനൂറിൽപരം വിദ്യാർത്ഥികളെയുടെ വിവിധ പരീക്ഷകൾക്കായി അദ്ധ്യയനം ചെയ്യുവരുണ്ടെന്നതിൽ സെക്രട്ടറി സന്തോഷം പ്രകടിപ്പിച്ചു.

സ്വതന്ത്രഭാരതത്തിനു് അതിനേരത്തായ ഒരു രാഷ്ട്രഭാഷകൂടിയേതീരു രാഷ്ട്രപിതാവായ ഗാന്ധിജി ആ സ്ഥാനം ഹിന്ദിക്കാണു് നൽകിയതു് ഹിന്ദിയുടെ പ്രചരണത്തിനായി ഗാന്ധിയോടൊപ്പം പ്രവർത്തിച്ച ശ്രീ രാജാജിയെപ്പോലുള്ളവർ ഹിന്ദിക്കെതിരായി ശബ്ദമുയർത്തിയതിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ഹിന്ദി പഠിക്കുന്നതുകൊണ്ടു് മാതൃഭാഷയും, ആരുപേക്ഷിക്കുന്നതുമായ ശിക്ഷ നല്കുകയും ആണു് ചെയ്യുന്നതു്.

കസ്റ്റംസ് കളക്ടർ വസ്തുക്കളെ സംബന്ധിച്ചു വിവരങ്ങളും ആവശ്യപ്പെട്ടപ്പോൾ അവ മന:പൂർവ്വം നൽകാതിരുന്നതിനു് കൽക്കത്താ കസ്റ്റംസിലെ സൂപ്രൈസർ ഇന്ദ്രപ്രസാദ് റോയ്യെ സ്വിറ്റ്സിൽനിന്നു് ഡിസ്മീസ് ചെയ്തുകയുണ്ടായി.

രണ്ടുപേരെ ശിക്ഷിച്ചു

ന്യൂഡൽഹി, ഏ. 13

അഴിമതിക്കെതിരായി കേന്ദ്ര അന്വേഷണ ബ്യൂറോ നടത്തുന്ന പരിശ്രമങ്ങളിൽ മറൊരു കേസിൽകൂടി കുറവാളികൾ ശിക്ഷിക്കപ്പെട്ടിരിക്കുന്നു.

ഡൽഹിയിൽ ഉത്തര റയിൽവേയിലെ ടിക്കറ്റ് കളക്ടറായ ശ്രീ. രാജേന്ദ്ര സിങ്ങിനെയും, സഹ്ദർജങ്ങിലെ വയർലസ് കാപ്പറേറായ ശ്രീ. മദൻ സിങ്ങിനെയും കുറ്റം കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചു. ഇതിനു പുറമേ ശ്രീ രാജേന്ദ്ര സിങ്ങിനു 100ക. പിഴയുമിട്ടു.

ഇവർ രണ്ടുപേരുംകൂടി ഗൂഢാലോചന നടത്തി ശ്രീ മദൻസിങ്ങിനു് സമ്പത്തികമെച്ചമുണ്ടാകാൻവേണ്ടി, ഡൽഹിയിൽനിന്നു സിഹോർ റോഡുവരെ യാത്രചെയ്തതിനെന്ന നിലയിൽ 35ക. 1ണയുടെ ഒരു എക്സ്ടാഫെയർ ടിക്കറ്റ് വ്യാജമായി ശ്രീ രാജേന്ദ്രസിങ്ങ് തയ്യാറാക്കിക്കൊടുത്തു. ഇതു 1956 മാർച്ച് 19–ാംതം- ആയിരുന്നു. എന്നാൽ ഫെബ്രുവരി 19–ാംതം- ഡൽഹിയിൽ നിന്നും ഔഖ്'ലവരെയുള്ള യാത്രക്ക് 4 ണ.യുടെ എക്സ്ടാഫെയർ ടിക്കറ്റ് എഴുതിയതായിട്ടേ റെയിൽവേ രേഖകളിൽ കാണുന്നുള്ളു.

....

തോടിവേണോ, ജോലിവേണോ ?

ലണ്ടൻ, ഏ. 14

ജോലിയൊന്നുമില്ലാതെ ഒരൊറ്റ മുറിയിൽ ഭാര്യ പാടീഷ്യയോടും കുഞ്ഞിനോടുംകൂടി ഇവിടെ കഴിയുകയായിരുന്ന വിശ്വവിശ്രുത ഹാസ്യനടനായ ചാർളി ചാപ്ലിൻെറ മകൻ മൈക്കലിനു് ഈ അടുത്ത അവസരത്തിൽ ഒരു ഫിലിം കമ്പനിയിൽ ഗായകനായി ജോലി ലഭിക്കുകയുണ്ടായി. പക്ഷേ ഈ ജോലിക്കാര്യം മൈക്കലിനെ വല്ലാതെ ധർമ്മസങ്കടത്തിലകപ്പെട്ടത്തിയിരിക്കുന്നു. ജോലികൊടുത്തുകൊണ്ടു് കമ്പനിവെച്ച നിബന്ധന മൈക്കിൽ തൻെറ താടി വടിച്ചുകളയണമെന്നാണു്. ഒരു ബീട്നിക്കായ (ഒരു ക്ലൗണ്ടിൻ മതവിഭാഗം) മൈക്കൽ ഒരു ഉശാൻ താടിക്കാരനാണു്, ജോലി വേണൊ താടിവേണോ എന്നതാണു് ഇപ്പോൾ മൈക്കലിൻെറ മുമ്പിലുള്ള പ്രശ്നം. ജോലിവേണമെങ്കിൽ താൻ കാമനയായി ലാളിച്ചു് വളർത്തികൊണ്ടുവന്ന താടി എടുത്തുകളയണം. ജോലി വേണ്ടെന്നു തീരുമാനിച്ചാൽ, താനും ഭാര്യയും കുഞ്ഞും പട്ടിണികിടക്കണം.

—.....

ബോംബെ തുറമുഖത്തു് വരുമാനം വർദ്ധിച്ചു

ന്യൂഡൽഹി, ഏപ്രിൽ 14

1963–64 ധനകാര്യ വർഷത്തിൽ ബോംബെ തുറമുഖ ട്രസ്റ്റിനു് മൊത്തം 1693.73 ലക്ഷം ക. വരുമാനം ലഭിച്ചു. തലേവർഷം 1429.30 ലക്ഷം ക. യായിരുന്നു.

1963–64ലെ തുറമുഖ ഭരണകൂടത്തിൻെറ വാർഷിക റിപ്പോർട്ടിൽ കൊടുത്തിരിക്കുന്നതാണീ വിവരം. റിപ്പോർട്ടുവർഷത്തെ ചിലവു് 1483.02 ലക്ഷം ക.യാണു്. കഴിഞ്ഞ വർഷം ഇതു് 1248.34 ലക്ഷം ക. യായിരുന്നു. 1963–64ൽ മൊത്തം 17349000 ടൺ ചരക്കുകൾ കൈകാര്യം ചെയ്തു. ഇതിൽ 1188500 ടൺ ഇറക്കുമതിയും 5464000 ടൺ കയറ്റുമതിയുമായിരുന്നു.

....

റബ്ബർ പുകപ്പുരകൾ ഉൽഘാടനംചെയ്യുന്നു

കോട്ടയം ഏ. 15

റബ്ബർ ബോർഡിൻെറ ധനസഹായത്തോടെ കണ്ണൂർ ജില്ലയിലെ നെടിയങ്ങസൊസൈറ്റീസ് സഹകരണബാങ്ക നിർമ്മിച്ച പുകപ്പുരയും, കോഴിക്കോട് ജില്ലയിൽ കല്ലാനോട് വ്യാവസായിക സഹകരണസംഘം നിർമ്മിച്ച പുകപ്പുരകളും യഥാക്രമം ഏപ്രിൽ 25, 28 എന്നീ തിയ്യതികളിൽ റബ്ബർ ബോർഡ് ചെയർമാൻ ശ്രീ പി. എസ്. ഹബീബു് മുഹമ്മദ് ഉൽഘാടനം ചെയ്യുന്നതാണു്.

....

13 ഗസറാഡ് ഉദ്യോഗസ്ഥന്മാർക്കു് ഡിപ്പാർട്ടുമെൻറൽ ശിക്ഷനൽകി

കേന്ദ്ര കുററാന്വേഷണ ബ്യൂറോ വെള്ളാനകളെ വേട്ടയാടുന്നു

ന്യൂഡൽഹി, ഏ. 14

അഭ്യന്തരവകുപ്പിലെ കേന്ദ്ര കുററാന്വേഷണ ബ്യൂറോയിലെ സ്പെഷ്യൽ പോലീസ് സ്ഥാപനം, സ്വഭാവദൂഷ്യം അഴിമതി എന്നിവ സംബന്ധിച്ച കുറങ്ങ

നീതിക്കുവേണ്ടിദാഹിക്കുന്നവരെ കമ്മ്യൂണിസ്റ്റുകാരാണ് താറടിക്കുന്നവരാണ് കമ്മ്യൂണിസം വളർത്തുന്നത്

— ആർച്ച് ബിഷപ്പ് ഹെൽഡർകമാറാ —

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരേയും മനുഷ്യന്റെ യഥാർത്ഥമായ വ്യക്തിത്വം വികസിക്കണമെന്നാഗ്രഹിക്കുന്നവരേയും കമ്മ്യൂണിസ്റ്റുകാരെന്ന താറടിച്ചുക്ഷേപിക്കുന്നവർ കമ്മ്യൂണിസത്തെ സ്വയം വളർത്തുകയാണെന്ന് അവർ എപ്പോഴാണ് മനസ്സിലാക്കുക? കമ്മ്യൂണിസത്തെ പരാജയപ്പെടുത്താൻ പോലീസിനെ ആശ്രയിക്കുന്ന കമ്മ്യൂണിസ്റ്റ്വിരുദ്ധർ അവരുടെ ബുദ്ധിമുന്യതയെപ്പറ്റി എന്നായിരിക്കുമോ ചിന്തിക്കുക? ബ്രസീലിന്റെ വടക്കുകിഴക്കേഭാഗത്തു്. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നവരേയും വസ്തുമില്ലാത്തവരെ ഉടുപ്പിക്കുന്നവരേയും ചേരിനിവാജ്ജന പ്രവർത്തനങ്ങളും നടത്തുന്നവരേയും നിരക്ഷരതയോടു പോരാടുന്നവരേയും അഗതിമന്ദിരങ്ങളും നടത്തുന്നവരേയും പ്രാഥമികശുശ്രൂഷാ കേന്ദ്രങ്ങളും തുറക്കുന്നവരേയും എല്ലാവർക്കും വലിയ മതിപ്പാണു്; പ്രത്യേകിച്ചും ധനികർക്കു്. പക്ഷേ ഇവരിലാരെങ്കിലും അനീതികൾക്കെതിരായി പാവപ്പെട്ട ബഹുജനങ്ങളുടെ മനസ്സാക്ഷിയെ ഉണർത്താൻ ശ്രമിച്ചാൽ തൽക്ഷണം അവൻ കമ്മ്യൂണിസ്റ്റോ അപകടകാരിയായ ഇടതുപക്ഷക്കാരനോ ആയി ചിത്രീകരിക്കപ്പെടും.

എന്താണ് അവർചെയ്ത തെറ്റു്? ജനങ്ങളുടെ മനസ്സാക്ഷിയെ ഉണർത്തി. അവരുടെ രാഷ്ട്രീയബോധത്തിനു് വികാസം നൽകി. ദരിദ്യത്തെപ്പറ്റി അവരെ ബോധവാന്മാരാക്കി. കൃത്യമായ പ്രവർത്തനത്തിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞു. അനീതിക്കും മർദ്ദനത്തിനുമെതിരായി പോരാടണമെന്നു് അവരെ ആഹ്വാനംചെയ്തു. കമ്മ്യൂണിസം എന്നൊന്നു് ഭൂമുഖത്തില്ലായിരുന്നുവെങ്കിൽത്തന്നെ, മനഷ്യത്വഹീനമായ ചൂരവപാടുകളിൽ ജീവിക്കുന്ന ജനലക്ഷങ്ങളുടെ രാഷ്ട്രീയബോധം ഉണർത്തുകയെന്നതു് ഓരോ ക്രൈസ്തവന്റേയും കടമയാണു്. ഈ കർത്തവ്യനിവ്വഹണം കമ്മ്യൂണിസമാണെന്നു കൊട്ടിഘോഷിക്കുന്ന കമ്മ്യൂണിസത്തെ ഉന്മൂലനംചെയ്യുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കുവാൻ ഭരണകർത്താക്കൾ തയ്യാറാകുന്നു.

[ക്രിസ്റ്റോ–റെസിഫ് (ബ്രസീൽ) ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. ഹെൽഡർ കമാറാ 1964 ഡിസംബർ 18–ാംതീയതി 'കോമൺവീൽ' എന്ന വാരികയിൽ എഴുതിയ ലേഖനത്തിൽനിന്നു്]

—

കോടതി വിട്ടയച്ച ഡെറിന്യൂ വീണ്ടും അറസ്റ്റിൽ

(പി. ടി. ഐ) വാഷ് ഏ. 15

നാഗപ്പൂർ ഹൈക്കോടതിയുടെ ഒരു ഉത്തരവ് അനുസരിച്ച് തടങ്കലിൽനിന്ന് വിമോചിക്കപ്പെട്ട ഒരിടതുപക്ഷ കമ്മ്യൂണിസ്റ്റ് നേതാവായ രാമചന്ദ്രഗാൻഗറെയെ രാജ്യരക്ഷാ നിയമമനുസരിച്ച വീണ്ടും അറസ്റ്റ്ചെയ്തിരിക്കുന്നു. ഏപ്രിൽ ആറിനു് വിമോചിതനായ ഗാൻഗറെയെ വീണ്ടും അറസ്റ്റ് ചെയ്യുന്നതിനു് പുതിയ വാറണ്ടു് പുറപ്പെടുവിച്ചു. അപ്പോഴാണ് ഗാൻഗറെ ഒളിവിൽ പോയെന്നു് പോലീസ് പറഞ്ഞത്.

....

കത്തോലിക്കാ കോൺഗ്രസ് തെരഞ്ഞെടുപ്പ് നോമിനേഷൻ സമർപ്പണം കഴിഞ്ഞു

കോട്ടയം, ഏ. 15

ഏ. കെ. സി. സി. ഇലക്ഷൻ ബോർഡ് അറിയിക്കുന്നു:

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1965–ലെ കേന്ദ്ര ഉദ്യോഗഭാരവാഹികളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചു് നിയോഗിച്ചിരിക്കുന്ന ഇലക്ഷൻ ബോർഡ്യോഗം ഇന്നലെരാവിലെ 10 മണിക്ക് ഇലക്ഷൻ ബോർഡാഫീസിൽ സമ്മേളിച്ചു. ബോർഡംഗങ്ങളായ മെ. ഏ. പി. ജോസഫ് ബി. ഏ. ബി. എൽ, ജോസ് മാക്കിൽ ബി. ഏ. ബി. എൽ. എന്നിവർ സംബന്ധിച്ചു. ഇലക്ഷൻ ബോർഡാഫീസിൽ ലഭിച്ചിട്ടുള്ള പ്രസിഡന്റ്, വൈ. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള നാമനിർദ്ദേശപത്രികകൾ പരിശോധിച്ചു.

പ്രസിഡന്റ് സ്ഥാനത്തേയ്ക്കു്: ഷെവലിയർ ജോസഫ് വിതയത്തിൽ (റിട്ട ഹൈക്കോർട്ട് ജഡ്ജ്ജി) എറണാകുളം; ശ്രീ. പി. സി. ഏബ്രഹാം ബി. ഏ. ബി. എൽപള്ളിവാതുക്കൽ, കാഞ്ഞിരപ്പള്ളി; ശ്രീ ഇ. പി. വറുഗീസ് എം. ഏ ബി. എൽ, അഡ്വക്കേറ്റ് എറണാകുളം ശ്രീ സി. എം. ജോൺ ബി. ഏ; ചെറുകര, ചങ്ങനാശ്ശേരി; ശ്രീ കെ. ജെ. ജോക്കബ് എം. എ; എം. ലിറ്റ്–കൈതക്കരി, മാന്നാനം; എന്നിവരുടേയും വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്കു്:– മെ കെ. സി. തോമസ് ബി. എ. ബി. എൽ. കളപ്പുരയ്ക്കൽ, കോട്ടയം; സി. എം. ജോൺ ബി. ഏ; ചെറുകര, ചങ്ങനാശ്ശേരി; ഇ എം. ജോസഫ് ബി. ഏ. ബി. എൽ, അഡ്വക്കേറ്റ്, പാലാ; എന്നിവരുടേയും ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്കു്:– കെ. എം. ജോസഫ് ബി, ഏ. ബി. എൽ, അഡ്വക്കേറ്റ്, എറണാകുളം; ഇ. എം. ജോസഫ് ബി. ഏ. ബി. എൽ., അഡ്വക്കേറ്റ്, പാലാ; സി. എം. ജോൺ ബി. ഏ. ചെറുകര, ചങ്ങനാശ്ശേരി; എബ്രഹാം എ. മാരേട്ട്; മാത്യു ജെ. പള്ളിത്താനം എന്നിവരുടേയും ട്രഷറർ സ്ഥാനത്തേക്ക് ശ്രീ എം. സി. ചാക്കോ മാന്തുരുത്തിപ്പിലിന്റേയും പേരുകാണു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു.

നാമനിർദ്ദേശപത്രികകൾ പരിശോധിച്ചു് എല്ലാ നാമനിർദ്ദേശപത്രികകളും സ്വീകരിക്കുകയും ചെയ്തു.

ഇനി സ്ഥാനാർത്ഥിത്വം പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നവർ 1965 ഏപ്രിൽ 21–ാംതീയതി വൈകുന്നേരം 3 മണിക്കു മുമ്പു് സ്ഥാനാർത്ഥിത്വം പിൻവലിച്ചിരിക്കേണ്ടതും വിവരം ഇലക്ഷൻ ബോർഡിനെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതുമാണു്. ബാക്കിയുള്ളവർ തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാനങ്ങളിൽനിന്നും മത്സരിക്കുന്നതായി പരിഗണിക്കുന്നതുമാണു്.

....o....

എൻ. സി. സി. നാവികവിഭാഗം വാർഷിക പരിശീലന ക്യാമ്പു സമാപിച്ചു

ഏറ്റവും നല്ല ട്രൂപ്പിനും മികച്ച ട്രൂപ്പിനുമുള്ള സമ്മാനങ്ങൾ തിരുവനന്തപുരം മോഡൽ സ്കൂളിനു

എറണാകുളം, ഏ. 14

ഇവിടെ ഗേൾസ് ഹൈസ്കൂളിൽ നടന്നുവന്ന എൻ. സി. സി. ജൂനിയർ ഡിവിഷൻ(നാവികവിഭാഗം)വാർഷിക പരിശീലന ക്യാമ്പ് ഇന്നലെ സമാപിച്ചിരിക്കുന്നു.

ഇന്നലെ ഇതു ദ്യമാണിച്ച് ഡർബാർ ഹാൾ ഗ്രൗണ്ടിൽ നടന്ന സൈമോണിയൽ പരേഡിൽ ഐ. എൻ. എസ്. വെണ്ടുരുത്തിയുടെ കമാൻഡിങ്ങ് ആഫീസറായ കമാൻഡർ എസ്. മാത്യൂസ് സല്യൂട്ടു് സ്വീകരിച്ചു. ക്യാമ്പിലെ ബാരക്കുകളും അദ്ദേഹം പുറമിനകത്തു കണ്ടു. വൈകുന്നേരം നടന്ന സമാപനചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് അദ്ദേഹം കേഡറ്റുകളെ അഭിനന്ദിച്ചു. വിജയികളായ കേന്ദ്രകേഡറ്റുകൾക്കു മിസ്സിസ് മാത്യൂസ് സമ്മാനദാനം നിവ്വഹിച്ചു. വിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

സമ്മാനാർഹർ

ഏറ്റവും നല്ല ട്രൂപ്പിനും പരേഡിൽ പങ്കെടുത്ത ഏറ്റവും മികച്ച ട്രൂപ്പിനുമുള്ള സമ്മാനങ്ങളും തിരുവനന്തപുരം മോഡൽ ഹൈസ്കൂളിലെ കേഡറ്റ് രാജഗോപാലക്കുറുപ്പിനു ലഭിച്ചു. ഏറ്റവും നല്ല ഓ. ഡി. എ. ബി. കേഡറ്റ് പുതുക്കളം ഗവണ്മെണ്ടു് ഹൈസ്കൂളിലെ കേഡറ്റ് പി. ചന്ദ്രനായരിനും. ബെസ്റ്റ് ലീഡിങ്ങ് കേഡറ്റ് ആയികിളിമാനൂർ ആർ. ആർ. വി ഹൈസ്കൂളിലെ ആർ. സിദ്ധാർത്ഥനും, ബെസ്റ്റ് പി. ക. കേഡറ്റ് ആയി തഴവാ ഏ. വി. ഹൈസ്കൂളിലെ പി. രാമചന്ദ്രൻ പിള്ളയും തിരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും നല്ല വെടിവെപ്പിനുള്ള സമ്മാനം തിരുവനന്തപുരം മോഡൽ ഹൈസ്കൂളിലെ കേഡറ്റ് ആർ. എസ്. ശശികുമാറിനും, സെമഫോറിലെ ഏറ്റവും നല്ല കേഡറ്റിനുള്ള സമ്മാനം എടത്വ എസ്. എ. ഹൈസ്കൂളിലെ എം. ഡി. ജെയിംസിനും ലഭിച്ചു. കത്തുവ്യനിഷ്ണതയുള്ള പ്രത്യേക സമ്മാനം പേരൂർക്കട സി. എൽ. ഹൈസ്കൂളിലെ കേഡറ്റ് വേലായുധൻനായക്കും, സത്യസന്ധതയുള്ള പ്രതോക സമ്മാനം തിരുവനന്തപുരം എസ്. എം. വി. ഹൈസ്കൂളിലെ കേഡറ്റ് ശശീധരൻ നായക്കും ലഭിച്ചു.

—

കത്തോറ് 4 പേർ ആസ്പത്രിയിൽ

തളിപ്പാമ്പ് ഏ. 14

ഇന്നിന്നുത്ത ചപ്പാരപ്പടവ്വെച്ചു് ഇന്നലെ കാലത്തു് ഒരു വീട്ടിൽ വാക്ക് തർക്കത്തെതുടർന്നു കത്തികൊണ്ടു് കുത്തി പരിക്കേല്പിച്ചതിനു് മൊയ്തീൻ, അബ്ദുള്ള, മമ്മത്, മൊയ്തീൻ ഭാര്യയുടെ ഉമ്മായുടെ ഉമ്മാ എന്നിവരെ തളിപ്പറമ്പു് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു ചികിത്സിച്ചു വരുന്നു. മൊയ്തീനെ മമ്മത്, അബ്ദുള്ള (ഭാര്യയുടെ ആങ്ങളിമാർ) കുത്തിയെന്നാണു് ഒരു പരാതി. മൊയ്തീന്റെപേരിൽ മമ്മത്, അബ്ദുള്ള എന്നിവർ തങ്ങളെ കുത്തി പരിക്കേല്പിച്ചുവെന്ന ഒരു പരാതിയും ബോധിപ്പിച്ചിട്ടുണ്ടു്. ഷെരുന്നാൾദിവസം ഭാര്യവീട്ടിൽ സാധനങ്ങളുമായിപ്പെന്ന മൊയ്തീനെ വീട്ടിൽകയറ്റിയില്ലായെന്നും, ഊണു് കൊടുക്കരുതെന്നു അളിയന്മാർ പറഞ്ഞതിനാലണത്രേ സംഭവം ഉണ്ടായതു്. ഇരുപ്രകാരം രണ്ടുകേസ്സുകളും റജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തിവരുന്നു.

....

ബാഡ്മിൻറൺ ടൂർണ്ണമെൻറ്

മാറാം ഏ. 14

മാറാം സ്പിരിറാസ് യൂത്ത്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ചാക്കപ്പാറ്റി ടോഫി'യ്ക്കു വേണ്ടിയുള്ള ടൂർണ്ണമെൻറിന്റെ ഉൽഘാടനം കഴിഞ്ഞ ശനിയാഴ്ച മാറാം ഹൈസ്കൂളിൽ ഗ്രൗണ്ടിൽവെച്ചു് റവ: ഫാ: ജോൺ മാളിയേക്കൽ നിവ്വഹിച്ചു. ഈ ടൂർണ്ണമെൻറിൽ കേരളത്തിലെ പ്രമുഖ 27 ടീമുകൾ പങ്കെടുക്കുന്നുണ്ടു്. ഉൽഘാടനമത്സരത്തിൽ 'ഫ്രണ്ട്സ് ടീം' (തൈക്കാട്ടു്) 'ഉദയസ്പോർട്ട്സ് ടീം' 'ഗ്രനംമുച്ചിയെ) തോല്പിച്ചു. ഞായറാഴ്ചത്തെ വാശിയേറിയ മത്സരങ്ങളിൽ 'മാറാം സ്പിരിറാസ് യൂത്തുസ് ക്ലബ്ബ് ബി ടീം' 'റസിങ്ങ് ക്ലബ്ബ്' പുതുമനശ്ശേരിയേയും 'ഹീറോസ്സ് ക്ലബ്ബ്' കക്കാടു് 'മിനർവ്വ ടീം' എരുനെല്ലൂരിനെയും തോല്പിച്ചു.

....

കേരള കലാലയം

കൈന്നൂർ, ഏ. 15

കൈന്നൂരിലെ യുവജനങ്ങളുടെ ഒരു യോഗം കെ. എസ്. നായരുടെ അദ്ധ്യക്ഷതയിൽ കൂടി 'കേരള കലാലയം' എന്ന ഒരു സമിതി രൂപീകരിക്കുകയും അതിന്റെ സെക്രട്ടറി, പ്രസിഡണ്ടു്, അസി: സെക്രട്ടറി, ഖജാൻജി, ആർട്ട്സ് മാൻ, സ്പോർട്ടു് എന്നീ സ്ഥാനങ്ങളിലേക്കു് എൻ.നി എം. എ, ശ്രീധരൻ കെ. വി; പ്രഭാകരൻ കെ; ഗോപാലകൃഷ്ണൻ കെ. എസ്. രാജഗോപാലൻ പി. എം; ഐ. ആർ. കൃഷ്ണൻ എന്നിവരെ യഥാക്രമം തെരഞ്ഞെടുക്കുകയും ചെയ്തു.

—

കരുണാനിധിയെ വിട്ടയക്കുന്നു

[പി. ടി. ഐ] മദ്രാസു്, ഏ. 15

രാജ്യരക്ഷാനിയമമനുസരിച്ചു് അറസ്റ്റുചെയ്ത തടങ്കലിൽവെച്ചിരുന്ന ഡി. എം. കെ. നേതാവു് കരുണാനിധിയെ വിട്ടയക്കുവാൻ മദ്രാസു് ഗവണ്മെണ്ടു് ഇന്നു് ഉത്തരവായി.

ഹിന്ദി വിരുദ്ധപ്രക്ഷോഭണത്തോടനുബന്ധിച്ചു് ഫെബ്രുവരി 16–നു് അറസ്റ്റുചെയ്യപ്പെട്ട കരുണാനിധി സംസ്ഥാനനിയമസഭയിലെ ഡി. എം. കെ. പ്രതിപക്ഷത്തിന്റെ ഉപനേതാവാണു്.

....

റേഡിയോ

ഏപ്രിൽ 16–ാംനു-വെള്ളി

തിരുവനന്തപുരം, കോഴിക്കോട്ടു്, തൃശ്ശൂർ,

454.5, 441.2, 517.2 മീറ്റർ.

കാലത്തു്

6_30 മംഗളവാദ്യം, സുഭാഷിതം
6_35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകം
6_40 വാർത്തകം ഇംഗ്ലീഷിൽ
6_45 ഭക്തിഗീതം
7_00 ഗാന്ധിമാർഗ്ഗം
7_25 ഇന്നത്തെ ചിന്താവിഷയം
7_30 വാർത്തകം മലയാളത്തിൽ
7_45 കൃസ്തുവിന്റെ പീഠാനുഭവങ്ങളെക്കുറിച്ചുള്ള ഗാനങ്ങളും
8_00 വാർത്തകം ഇംഗ്ലീഷിൽ
8_15 സ്വാതിതിരുനാളും [സംഗീതം]
8_45 സമാപനം

ഉച്ചതിരിഞ്ഞു്

12_30 പ്രാദേശികവാർത്തകം
12_35 ചലച്ചിത്രഗാനങ്ങളും
12_45 മഹിളാലയം
1_20 വാർത്തകം മലയാളത്തിൽ
1_30 ലളിതഗാനങ്ങളും [എൻ. ലീലാമുരളീധരൻ]
1_40 വാർത്തകം ഹിന്ദിയിൽ
1_50 സുഖസംഗീതം
2_00 കാലാവസ്ഥ

രാത്രി

5_30 തൊഴിലാളിമണ്ഡലം
6_00 പ്രാദേശിക അറിയിപ്പുകം
6_05 പ്രാദേശികവാർത്തകം
6_15 നാട്ടിൻപുറം
7_00 പുരോഗമനപരിപാടികം
7_10 ചലച്ചിത്രഗാനങ്ങളും
7_30 വാർത്തകം മലയാളത്തിൽ
7_45 വ്ണ
9_00 വാർത്തകം ഇംഗ്ലീഷിൽ
9_15 വിശ്വദർശനം
9_30 ബാംഗ്ലൂർ റിലേ
10_00 ശ്രീരാമരാമ
10_30 വാർത്തകം ഇംഗ്ലീഷിൽ
10_35 ബാംഗ്ലൂർ റിലേ
11_00 സമാപനം.

ഏപ്രിൽ 17–ാംനു- ശനി

കാലത്തു്

6_30 മംഗളവാദ്യം, സുഭാഷിതം
6_35 പരിപാടി അറിയിപ്പുകം
6_40 വാർത്തകം ഇംഗ്ലീഷിൽ
6_45 ഉഷഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകം മലയാളത്തിൽ
7_40 ഗാനപാഠം
8_00 വാർത്തകം ഇംഗ്ലീഷിൽ
8_15 വാദ്യവൃന്ദം [എം. കസ്തൂരിബായ്
8_45 സമാപനം

ഉച്ചതിരിഞ്ഞു്

12_30 പ്രാദേശികവാർത്തകം
12_35 തൊഴിലാളിമണ്ഡലം
1_05 വാദ്യവൃന്ദം
1_20 വാർത്തകം മലയാളത്തിൽ
1_30 ചലച്ചിത്രഗാനങ്ങളും
1_40 വാർത്തകം ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥ

രാത്രി

5_30 ശിശുലോകം
6_00 പ്രാദേശിക അറിയിപ്പുകം
6_05 പ്രാദേശികവാർത്തകം
6_15 നാട്ടിൻപുറം
7_00 മലയാളപ്രഭാഷണം
7_10 നാടകഗാനങ്ങളും
7_30 വാർത്തകം മലയാളത്തിൽ
7_45 നാടകരംഗം (ഡ്രാക്ടർടെ ഭാര്യ]
8_15 നാടോടിപാട്ടുകം
8_30 റേഡിയോ ന്യൂസ്റീൽ
8_45 ഗാനമഞ്ജരി
8_55 ഇന്നത്തെചിന്താവിഷയം
9_00 വാർത്തകം ഇംഗ്ലീഷിൽ
9_15 ജാഗ്രത
9_30 ഡെൽഹിറിലേ
11_00 വാർത്തകം ഇംഗ്ലീഷിൽ
11_05 സമാപനം

—

സിമൻറ് ക്ഷാമംമൂലം നാഗാർജ്ജുന സാഗർ അണനിർമ്മാണം സ്തംഭനത്തിൽ

അടിയന്തിര നടപടികളെടുക്കുമെന്നു റാവു

ഹൈദ്രാബാദ്, ഏപ്രിൽ 15

സിമിൻറ് ദൗർലഭ്യത്തെ തുടർന്ന് നാഗാർജ്ജുനസാഗർ അണക്കെട്ടിന്റെ പണി സ്തംഭനത്തിലെത്തിയിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

139 കോടി രൂപാ ചിലവുള്ള ഈ പ്രോജക്ടിനു് പ്രതിദിനം 800 ടൺ സിമിൻറ് ആവശ്യമുണ്ടു്. എന്നാൽ ഏപ്രിൽ മാസമായപ്പോഴേയ്ക്കും സിമിൻറ് സ്റ്റോക്ക് അവസാനിക്കുകയാണു്. ഈയിടെ ആന്ധ്രയിലെത്തിയ യൂണിയൻ ഇറിഗേഷൻ ആൻറ് പവർ മിനിസ്റ്റർ ഡോ: കെ. എൽ. റാവു ഈ പ്രശ്നത്തിൽ കേന്ദ്രഗവണ്മെൻറ് അടിയന്തിരമായി നടപടി കൈക്കൊള്ളുന്നതായിട്ടാണു് സ്റ്റേറ്റ് ഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്.

—o—

കള്ളക്കടത്തുവീരന്മാരുടെ പേരിൽ കേസെടുത്തു

തളിപ്പാമ്പ്, ഏ. 13

ഇക്കഴിഞ്ഞ 8_4_65 രാത്രി കൂർഗ് അങ്കറകൊല്ലി കുപ്പിൽനിന്നു് അനധികൃതമായി, തൊറായ പർമിറകം ഉപയോഗിച്ചു് കൊണ്ടുപോവുകയാണെന്ന സംശയിക്കപ്പെട്ടെന്ന രണ്ടു ലോറി തടിരം, തളിപ്പറമ്പ് ഫോറസ്റ്റ് ഗാഡും കൂടി നടന്ന പരിശോധിക്കവെ ഒരു ലോറി കബളിപ്പിച്ചു കടന്നുകളയുകയും, മറെറാന്നിലെ ജോലിക്കാർ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെ, കയ്യേറ്റത്തിനു മുതിരുകയും ലോറി ബലമായി സ്റ്റാർട്ട്ചെയ്തുകൊണ്ടുപോവാൻ ശ്രമിക്കുകയും ചെയ്തായ ഒരു സംഭവം റിപ്പോർട്ടുചെയ്യിരുന്നുവല്ലോ. ഈ സംഭവത്തിനെതുടർന്ന് ഇബ്രാഹിം (ഇടയന്നൂർ) കെ. എൽ. സി. 1978 ലോറി ഡ്രൈവർ ഗോവിന്ദൻ (ക്ലീനർ)മൊയ്തീൻ എന്നാ ഓവർമൊയ്തീൻ, കെ. എൽ. സി. 1361 ഡ്രൈവർ മൊയ്തു (ഫോറസ്റ്റ് ഗാർഡ് ഗ്രർഗ്) കെ.അബ്ദുറഹിമാൻ,(മരത്തിൻറെഉടമ) പി. കെ. മൊയ്തു എന്നിവരുടെ പേരിൽ 353, ഐ. പി. സി. 353, 406 (1) ഐ. പി, സി. വകുപ്പുകൾപ്രകാരം രണ്ടു കേസുകളും തളിപ്പറമ്പ് പോലീസ് റജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നു.

....

വിഷു ആഘോഷങ്ങൾ

കണ്ടശ്ശാങ്കടവ് ഏ. 14

കാരുമാക്ക് ശ്രീ ചിത്രംബരക്ഷേത്രത്തിലെ വിഷുപ്പുര ഉക്കൊല്ലം പൂവ്വാധികം ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. പകൽപൂരത്തിനുശേഷം മൂന്നു കരക്കാരുടെ വകയായി നടത്തപ്പെട്ട കരിമരുന്നു പ്രയോഗം നന്നായിരുന്നു.

വൈകുന്നേരം 'ഞാനൊരധികപ്പറാണ്' എന്ന നാടകം കണ്ടശ്ശാങ്കടവ് ഫ്രൻസ് അസോസിയേഷൻ അവതരിപ്പിക്കയുണ്ടായി.

ഏങ്ങണ്ടിയൂർ ഏപ്രിൽ 14

പ്രസിദ്ധ നാടകകൃത്തായ ശ്രീ സി. എൽ. ജോസിന്റെ 'ജീവിതം ഒരു കൊടുങ്കാറ്റാണ്' എന്ന സാമൂഹ്യനാടകം വിഷുപ്രമാണിച്ചു് കണ്ടലിയൂർ ശ്രീഭദ്രകലാമന്ദിർ തന്മയത്വമായി അവതരിപ്പിക്കയുണ്ടായി. വലപ്പാട് രാധ എഴുതിയ 'അനിയാ നിനക്കുവേണ്ടി' എന്ന ഏകാങ്കവും അതോടൊപ്പം നടത്തപ്പെട്ടു.

തലോർ ഏപ്രിൽ 15

തലോർ രാജാ തിയറേഴ്സിന്റെ ആഭിമുഖ്യത്തിൽ വിഷു ആഘോഷം ഇന്നലെ നടന്നിരിക്കുന്നു.

അതുസംബന്ധിച്ചുകൂടിയ യോഗത്തിൽ ഡോ: ജോഷ്വാ അദ്ധ്യക്ഷം വഹിച്ചു തോമാസ് പാറണ്ടൂർ പ്രസംഗിച്ചു. കത്തവെളിച്ചം എന്ന നാടകവും ഉണ്ടായിരുന്നു.

ആലപ്പാട്ടു് ഏപ്രിൽ 15

ആലപ്പാട്ടു് ബ്രദേഴ്സ് ആർട്ടേഴ്സ് ക്ലബ്ബിന്റെആഭിമുഖ്യത്തിൽ വിഷു ആഘോഷം കേമമായി കൊണ്ടാടിയിരിക്കുന്നു. അതു് സംബന്ധിച്ചുകൂടിയ യോഗത്തിൽ ബാലൻ അക്കുഷ്ണം വഹിച്ചു. തോമാസ് പാറണ്ടൂർ, കുഞ്ഞപ്പൻ എന്നിവർ പ്രസംഗിച്ചു. 'കറുത്തവെളിച്ചം' എന്ന നാടകവും മറെറാകലാപരിപാടികളും ഉണ്ടായിരുന്നു.

....

കർഷകത്തൊഴിലാളി കൾക്കു 23 വീടുകം നിർമ്മിച്ചു

കണ്ണൂർ, ഏ. 13

നീലേശ്വരം ബ്ലോക്കിനെറ ആഭിമുഖ്യത്തിൽ കിണാവൂർ ഗ്രാമസേവക ഗ്രൂപ്പിലെ 23 കഷ്കത്തൊഴിലാളി കുടുംബങ്ങൾക്കു വീടുകം പണിതീർത്തു നല്കിയിരിക്കുന്നു. 34 വീടുകം നിർമ്മിക്കാനായിരുന്നു പ്ലാൻ. ബാക്കി ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തിയാകുന്നതാണു്. ഓരോ കഷ്കത്തൊഴിലാളിക്കും 4 ഏക്കർവീതം ഭൂമിയും കൃഷിപ്രവൃത്തിക്കായി റവന്യൂവകുപ്പിൽനിന്നു 1000 കു. യും ഭവനനിർമ്മാണത്തിനു ബ്ലോക്കിൽനിന്നു 1000 കു. യും വായ്പ നൽകിയിരുന്നു.

—

സെനക്ക് ബുക്ക്സ് ഉൽഘാടനംചെയ്തു

കോതമംഗലം, ഏ. 14

കേരളത്തിലെ രാഷ്ട്രീയ ധാർമ്മിക സാംസ്കാരികപ്രശ്നത്തെ കണക്കിലെടുത്തുകൊണ്ടു് വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഒരുസംഘം വ്യക്തികളുടെ ശ്രമഫലമായി കോതമംഗലം കേന്ദ്രമാക്കി സെനക്ക് ബുക്ക് ഹൗസ് ആൻഡ് പബ്ലിഷിംഗ് ഹൗസ് എന്ന സ്ഥാപനം കോതമംഗലം രൂപതാവികാരി ജനറാൾ മോൺസിഞ്ഞോർ മാത്യു വെള്ളാങ്കൽ ഉൽഘാടനംചെയ്തു.

ഉൽഘാടനാത്സവം പെന്ന സമ്മേളനത്തിൽ കോതമംഗലം പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ ജോജ്ജ് ജോസഫ് മണ്ണാൽ അദ്ധ്യക്ഷം വഹിക്കുകയും ഫാ, മാത്യു ജെ. കുന്നത്തു് സെനക്ക് ബുക്ക ഹൗസിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സൂചിപ്പിച്ചു സംസാരിച്ചു.

....

വിഷു ആഘോഷങ്ങൾ

കണ്ടശ്ശാങ്കടവ് ഏ. 14

കാരുമാക്ക് ശ്രീ ചിത്രംബരക്ഷേത്രത്തിലെ വിഷുപ്പുര ഉക്കൊല്ലം പൂവ്വാധികം ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. പകൽപൂരത്തിനുശേഷം മൂന്നു കരക്കാരുടെ വകയായി നടത്തപ്പെട്ട കരിമരുന്നു പ്രയോഗം നന്നായിരുന്നു.

വൈകുന്നേരം 'ഞാനൊരധികപ്പറാണ്' എന്ന നാടകം കണ്ടശ്ശാങ്കടവ് ഫ്രൻസ് അസോസിയേഷൻ അവതരിപ്പിക്കയുണ്ടായി.

ഏങ്ങണ്ടിയൂർ ഏപ്രിൽ 14

പ്രസിദ്ധ നാടകകൃത്തായ ശ്രീ സി. എൽ. ജോസിന്റെ 'ജീവിതം ഒരു കൊടുങ്കാറ്റാണ്' എന്ന സാമൂഹ്യനാടകം വിഷുപ്രമാണിച്ചു് കണ്ടലിയൂർ ശ്രീഭദ്രകലാമന്ദിർ തന്മയത്വമായി അവതരിപ്പിക്കയുണ്ടായി. വലപ്പാട് രാധ എഴുതിയ 'അനിയാ നിനക്കുവേണ്ടി' എന്ന ഏകാങ്കവും അതോടൊപ്പം നടത്തപ്പെട്ടു.

തലോർ ഏപ്രിൽ 15

തലോർ രാജാ തിയറേഴ്സിന്റെ ആഭിമുഖ്യത്തിൽ വിഷു ആഘോഷം ഇന്നലെ നടന്നിരിക്കുന്നു.

അതുസംബന്ധിച്ചുകൂടിയ യോഗത്തിൽ ഡോ: ജോഷ്വാ അദ്ധ്യക്ഷം വഹിച്ചു തോമാസ് പാറണ്ടൂർ പ്രസംഗിച്ചു. കത്തവെളിച്ചം എന്ന നാടകവും ഉണ്ടായിരുന്നു.

ആലപ്പാട്ടു് ഏപ്രിൽ 15

ആലപ്പാട്ടു് ബ്രദേഴ്സ് ആർട്ടേഴ്സ് ക്ലബ്ബിന്റെആഭിമുഖ്യത്തിൽ വിഷു ആഘോഷം കേമമായി കൊണ്ടാടിയിരിക്കുന്നു. അതു് സംബന്ധിച്ചുകൂടിയ യോഗത്തിൽ ബാലൻ അക്കുഷ്ണം വഹിച്ചു. തോമാസ് പാറണ്ടൂർ, കുഞ്ഞപ്പൻ എന്നിവർ പ്രസംഗിച്ചു. 'കറുത്തവെളിച്ചം' എന്ന നാടകവും മറെറാകലാപരിപാടികളും ഉണ്ടായിരുന്നു.

....

ഇണപ്രാവുകം

തളിപ്പാമ്പു് ഏ. 14

എരുവാശ്ശേരിക്കടുത്ത പയ്യാവൂർ പ്രദേശത്തു് മുണ്ടയാടൻ ചന്ദ്രോത്തു് വീട്ടിൽ വിജയൻ (7) പത്മിനി (5) എന്നീ രണ്ടു സഹോദരീസഹോദരന്മാർ ഇന്നു് പുഴയിൽ മുങ്ങിമരിച്ചിരിക്കുന്നു.

ഒന്നിച്ചു കളിച്ചുവളർന്ന ഈ ഇണപ്രാവുകം കുളിക്കാൻ പുഴയിലേക